# സർഗവസന്തം



## ഉള്ളടക്കം




മലയാള വിഭാഗം......6
ഓർമ്മകളിലെ മഴ......7
സഫീദാ അഫ്സൽ......7
എന്റെ ഗ്രാമം......8
ഫാത്തിമ ഷിഫാന......8
പേമാരി......9
അഫ്റ അനസ്......10
VIID......10
ഇരുളിലെ ജീവിതം......11
ഫാത്തിമ യാസ്മിൻ.VII A......11
ഓർക്കുക നീ......13
പ്രതീക്ഷയുടെ തോണി......14
നീ ഇനി പ്രതീക്ഷയുടെ തോണിയിലേറി ആർദ്ര.എസ്. നായർ......15
X F......15
അനാഥനായി ഫാത്തിമ യാസ്മിൻ VIII A......16
ഇനിയുമൊരു ജന്മത്തിനായി......17
ജ്യോതി......17
മലയാളം അദ്ധ്യാപിക......17
കാവേരി. രാജേഷ്......19
പ്രതീക്ഷ......21
അഭിരാമി.എസ്......21
എൻറ അച്ഛൻ......22
അനിലാ മൻഥൻ......22
അദ്ധ്യാപിക......22
കൊതിക്കുന്ന കാലം......24
അഫ്റ അനസ്......24
വ്യഥാ......26
ഞാൻ വ്യഥാ മോഹിക്കുന്നു വിജയലക്ഷമി.പി.ജി......26

കുയിലമ്മ.....28
കരതലം.....29
ഷിഫാന എസ്.....29
VIII A.....29
പൂമ്പാറ്റ.....31
സുഹൃത്ത്.....32
മുഹമ്മദ് ആസിഫ്.....44
പിൻതുടർച്ച.....45
സിയാന.എ.....45
സ്വപ്നം.....47
തസ്നിമ.നിഹാസ്.....47
ചിമ്പുക്കരടിയും ലുല്ലുമുയലും.....49
ചുണ്ടനെലിയുടെ ബുദ്ധി.....50
തോട്ടക്കാരനും മുയലും.....50
പൂച്ചക്കുട്ടിയും താറാവും.....51
നല്ലവൻ.....52
ഫാരിസ.യാസ്മിൻ.....52
ഡോമിനിക്കിന്റെ വികൃതികൾ.....54
സുജാതകുമാരി.എം.കെ.....54
എന്റെ വിദ്യാലയം (ഓർമ്മക്കുറിപ്പ്).....57
കവിത.കുമാരി.ജി.....57
സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ.....59
കാവേരി. രാജേഷ്.....59
ട്രാൻസ്ഫർ.....62
സരസ്വതി.....62
ഒരു നിലാപ്പാട്ടിന്റെ ഓർമയ്ക്ക്.....64
സീന സുനിൽ.....64
തത്തമ്മ.....66
ENGLISH SECTION.....67
The path to Solitude.....68
Asiya Fyroos.....68
KERALA FLOOD 2018.....69
Gouri. Krishna. M.P.....69

Mask......71
You hide yourself Alfia......71
Stormy Night......73
Amina Afsal......73
IX......73
हिंदी विभाग......74
मेरा सुन्दर गाँव......75
मेरा गाँव......76
आलिया.ए......76
VII D......76
......77
अकेलापन......77
एक बारिश का दिन था। आलीस अपने मित्रों के साथ घर के बाहर खड़ी थी। वह मित्रों को कहानी सुना रही थी।...77
उसने कहा-`वह लड़की को बहुत अकेलापन लगा'।......77
उसके मित्रों अनु ने पूछा-`आलीस यह अकेलापन क्या है`? अकेलापन एक अवस्था है। उसने जवाब दिया।......77
आलीस मन में सोचा कि" मैं अकेला नहीं हूँ न"? " मैं यह......77
नहीं जानती"। " वह इतना दुखी है"। अनु ने कहा। "हाँ" " सच में"......77
"मैं सोचता हूँ कि अनाथों की अवस्था क्या होगा"? आलीस......77
हँसकर बोला "मैं क्यों सोचूँ? " मैं अनाथ नहीं हूँ न ? उसी समय अनु और बाकी बच्चों को ले जानेकेलिए घरवाले आए। सभी अपने अपने घर गये।......77
कुछ दिनों के बाद बच्चे स्कूल में थे। उसी समय आलीस......77
को लेकर जाने केलिए उसके पडोसी आए। अध्यापिका जी ने अनुताप के साथ उसे जाने दिया। घर पहूँचने पर आलीस ने देखा कि घर के बाहर लोगों की एक भीड़ खडी थी, जिनके चेहरे उदास है। अंदर आकर देखा तो उनकी होश उठ गयी। वहाँ उनके माँ-बाप के शवशरीर रखा था।......78
बस दुर्खटना हुई थी ।......78
आलीस अब अनाथ हो गयी। उसके साथ कोई नहीं......78
थी। उसी समय उसके मन उससे कहने लगा--यही-यही अकेलापन है। उनके घर के दीवार, मेज़,कुर्सियाँ, वहाँ के एक एक कण उनसे कहने लगा-" ये अकेलापन है। "......78
......78
गौरी कृष्णा......78
X F......78
एम.फिल(हिंदी) उपाधि हेतु प्रस्तुत लघु शोध निबंध का एक अंश......79
षीला.एन.वी......79
उखडती मानवता......83

क्या हो गया इस ज़िदगी को, हेमा,एस.......84
यह किसका नाश है? अध्यापिका.......84
കടപ്പാട്.......85
മാഗസിൻഎഡിററർ,.......85

# മലയാള വിഭാഗം



# ഓർമ്മകളിലെ  മഴ



**സഫീദാ അഫ്സൽ**

VIII D

വാനം പൊഴിക്കുന്ന കണ്ണുനീരായ്
ഭൂവിൽ പതിക്കുന്ന വർഷതുള്ളി
ഒരു കുഞ്ഞു ബാല്യത്തിൻ ഓർമ്മകളിൽ
മനസ്സിൽ തെളിയുന്ന വർഷകാലം


മാരി ചൊരിയുന്ന നേരമായാൽ
ഉമ്മറക്കോലായിൽ ഞാനണയും
തൊടിയിൽ തളംകെട്ടും വെള്ളത്തിൽ
ഓടിക്കളിച്ചൊരെൻ ബാല്യകാലം
മാരി ചെരിഞ്ഞങ്ങുതോർന്നനേരം
കടലാസുവഞ്ചിയൊഴുക്കും  കാലം
മഴപെയ്യും കാലം  ഞാനോർത്തിടുന്നു

പോയ്മറഞ്ഞുള്ളൊരാ  നഷ്ടസ്വപ്നം

# എന്റെ ഗ്രാമം




ഫാത്തിമ ഷിഫാന



എന്തു രസമാണ് ഈ ഗ്രാമം
വയലും കൃഷിയും കാടുകളും
പുഴയും കുളവും ആറുകളും
വീടും മൃഗവും പറവകളും
മഴയും വെയിലും മഴക്കാറകളും
പൂക്കൾ വിരിയും നാടുകളും
നെല്ലും കൃഷിയും വയലുകളും
കടകളും കൊച്ചു ക്രൂരകളും
റോഡും കാടും വയലുകളും
എന്തു രസമാണ് ഈ ഗ്രാമം
എന്തു കൊച്ചു ഗ്രാമം.

ജി.എച്ച്.എസ്.മണ്ണഞ്ചേരി

## പേമാരി



ഓർമ്മയുടെ നിറച്ചാർത്തിൽ നീയൊരു
ചിണുങ്ങുന്ന കുട്ടി
കവിയത്രിയുടെ ഭ്രാന്തിയായി ചിലപ്പോൾ നീ
കരഞ്ഞും വിളിച്ചും പറന്നിറങ്ങുന്നു.
എന്റെ വിഷമത്തിൽ കൂരിരുട്ടിൽ
ശാന്തതയുടെ കുളിരായ് നീ
പുസ്തകത്താളിൽ മുഖമമർത്തി ഞാൻ നിന്നെ തിരയുമ്പോൾ
പൂമുഖപ്പടിയിൽ പുങ്കുരുവിയായ് നീ
നനച്ചും നനപ്പിച്ചും കളിച്ചും കരഞ്ഞും
നീ എനിക്കൊരു തോഴിയായ്
പിന്നെയെപ്പോഴോ എന്റെ പ്രണയ ജാലകത്തിൽ
ഒരു ചിത്രശലഭം പോൽ നീ
മോഹത്തിന്റെ കാർമേഘത്തേരിൽ തേൻ വർഷിച്ചു
അന്ന് നീയെനിക്കൊരു പ്രണയിനിയായ്.
പക്ഷെ!ഇന്നെനിക്ക് നീ പേടിസ്വപ്നമാണ്
നിൻ ചിത്തത്തിൽ ക്രോധത്തിന്റെ കടന്നൽകൂടിളക്കുന്നു
നിന്റെ കരച്ചിൽ മഴയതാ ഏറ്റുവാങ്ങുന്നു.
നിന്റെ ചിരിയിൽ മലകൾ പൊട്ടിത്തകരുന്നു
നിന്റെ നൃത്തം കുടുംബത്തിൻ കരിനിഴലാകുന്നു.

ഒടുവിൽ പ്രളയപ്പുഴയായ് ജനനി മാറുമ്പോൾ
നിന്റെ കുളിരെനിക്കഗ്നിയാകുന്നു
നീ ശമിക്കുക,പണ്ടൊരുമഹാൻ അഗ്നി ശാന്തതയായ് പോൽ
നീ ഞങ്ങൾക്ക് പൂങ്കാവനമാകുക
നിന്റെ മടിയിൽ എനിക്കുറങ്ങണം
നിന്റെ തണലിൽ എനിക്ക് പെയ്തൊഴിയണം.
മാരിയേ! നീ ശാന്തയാകൂ
നിന്റെ സാമിപ്യം ഞങ്ങൾക്ക് കുളിരാവട്ടെ!



**അഫ്റ അനസ്**

**VIID**

# ഇരുളിലെ ജീവിതം



ഫാത്തിമ യാസ്മിൻ.VII A



കണ്ണുനീർ
തുള്ളികൾ
ഇറ്റുവീണു....

നെഞ്ചകം
തന്നെയും
തകർന്നുപോയി..
ദു:ഖിതരുടെ
മുഖങ്ങൾ
മാത്രമായി
ഇരുട്ടുമുറിയുടെ
ഉള്ളിലായി...

കണ്ണോളം
പോറ്റിവളർത്തിയ
പൊന്നോമന...
ക്രൂരമായി മാറി അതേ
പൊന്നോമന.....
താൻമാത്രമല്ല ഇന്നി

അവസ്ഥയിൽ
ആയിരമായിരം
വൃദ്ധരായി.......

ചോറുണ്ട് കറിയുണ്ട്
പായസവും
സ്നേഹിക്കുവാനാരു-
മിവിടെയില്ല...

മക്കളെ നീയീ ക്രൂരത
കാട്ടാൻ  എന്തേ  എന്നെ അറിയിച്ചില്ല..
ഞാനൊരു രോഗിയായിരുന്നാലും
നീ എന്തിനിങ്ങനെ ക്രൂരനായി....

നിനക്കുമുണ്ടാകാം വാർദ്ധക്യനാളുകൾ
നിനക്കുമുണ്ടായിടും തൻ മക്കളിന്നെ
നിന്നോടവരും ക്രൂരത കാട്ടാം
നിന്നോടുമിങ്ങനെ പെരുമാറിടാം......


എന്നിരുന്നാലും പ്രാകില്ല
നിന്നെ ഞാൻ
ഇന്നീയവസ്ഥയ്ക്കു
വഴിമാറുവാനായി......

ഇനിയൊരു ജന്മമെനിക്കു
വേണ്ട......
അന്ധകാരത്തിൻ
ഭയഭീതിയില്ലസ്നേഹിക്കുവാനെനി-
ക്കാരുമില്ല.....
സ്നേഹമില്ലാത്തതൻ
മക്കൾ മാത്രം...

## ഓർക്കുക  നീ

ഫാത്തിമ


ഇഹലോക ജീവിതം തിരയും മനുഷ്യാ



പരലോക ജീവിതമുണ്ടെന്നോർക്കുക  നീ
ആയുസ്സു നീളുവാൻ ആഗ്രഹിക്കുമ്പോൾ
അധികനാളില്ലെന്നോ ഇഹലോക സുഖംതേടുന്ന നേരത്തു
അസ്ഥിരമാണെന്നോർക്കുക നീ
നീ ആരാണെന്നാവർത്തിച്ചീടുമ്പോൾ
ഇനി നാം കാണുമോ എന്നോർക്കുക നീ
സമ്പന്ന ഭോഗങ്ങൾ കൂട്ടീടുമ്പോൾ
നാളെ നീ ഉണ്ടാകില്ലന്നോർക്കുക നീ
സുഖനേരം കാണുമീ സ്നേഹിതർ
മറുനേരം  കാണുകില്ലെന്നോർക്കുക നീ
അസ്ഥിരമായ ലോകത്തുറങ്ങീടുമ്പോൾ
സ്ഥിരമായ ലോകത്തിലുറങ്ങുമെന്നോർക്കുക നീ
കൺചിമ്മി തുറന്നു  കഴിയുന്ന നിമിഷത്തിൽ
കൺതുറക്കുവാൻ കഴിയുമോ എന്നോർക്കുക നീ

ജി.എച്ച്.എസ്.മണ്ണഞ്ചേരി

## പ്രതീക്ഷയുടെ തോണി



പുഴയുടെ വക്കത്തെ പൊന്നോല തളിരില
തഴുകിയിരുന്നു ഞാൻ പാടി....
വററിവരണ്ട നീ എന്തിന് പിന്നെയും
ചിരിക്കുന്നു....എന്നെ നോക്കി....

മൃദുവായ് ഒഴുകും നിൻ കമനീയമേനിയും
സാന്ദ്രമായി പാടും നിൻ സ്വരവും
എന്തേ നീ കരയാത്തു.... ഇനിയും
ഉറക്കെ പരിഭവം പറയാത്തു
കളകളമൊഴുകാൻ നീന്തിത്തുടിക്കാൻ
ജലമെവിടെ? അവശേഷിക്കും

ജി.എച്ച്.എസ്.മണ്ണഞ്ചേരി

നിൻ കണ്ണുനീർ തുള്ളിമാത്രം
സുന്ദരമായ നിൻ സ്വരമർമ്മരം
ഇനിയും കേൾക്കാൻ കൊതിയായി
മലിനമാക്കപ്പെട്ടൊരു നിൻ മേനി
ഇനിയുമൊഴുകുമോ നീർതുള്ളിയാൽ....
ദാഹജലം നീ തരുമോ
ഇനിയും നിറഞ്ഞ പുഞ്ചിരിയാൽ
ആരോ പാടും പാട്ടും പാടി
നോക്കി നിന്നു നിന്നെ
മലിനമായി കാണാൻ കഴിയില്ല തോഴി നിന്നെ

നാളെ പ്രതീക്ഷതൻ ചിറക് വിരിക്കട്ടെ....
കാറ്റിനോടെന്തേ നിൻ പരിഭവം
കാലം കാണിച്ചൊരു കുറ്റമല്ലേ?
അരിമുല്ലമണിമാല ചാർത്താം തോഴി
നിൻചിരി മാധുര്യം നുണയാൻ
ഇനിയും  പാടൂതോഴി നിന്നുടെ
നാദം മനസ്സിൻെറ ഉൾത്തട്ടിലായ്
നിറയൂ ഒഴുകൂ തോഴി



**നീ ഇനി പ്രതീക്ഷയുടെ തോണിയിലേറി**

**ആർദ്ര.എസ്. നായർ**

**X F**

ജി.എച്ച്.എസ്.മണ്ണഞ്ചേരി

**അനാഥനായി** **ഫാത്തിമ** **യാസ്മിൻ VIII A**

കരഞ്ഞു കരഞ്ഞുകണ്ണീരു വറ്റിപ്പോയ
ബാല്യത്തെക്കണ്ടോമനുഷ്യാ നീ

സ്നേഹിക്കുവാനാള്ളില്ലാതസ്നേഹമെന്തന്നറിയാതെ
അനാഥത്തിലാണ്ടു പോയബാല്യജീവിതം

അമ്മയാരെന്നറിയാതെഅച്ഛനാരെന്നറിയാത
ഇരുളിലായി കഴിയുന്നീബാല്യജീവിതം

യാതനകൾ സഹിക്കുന്നവേദനകൾ സഹിക്കുന്നു
കൂട്ടുകാരും കുടുംബവ ുമൊന്നുമില്ലാതെ....






**ജ്യോതി.**

**മലയാളം അദ്ധ്യാപിക**

പ്രഭാതമെത്തുന്നുഇളംപൈതൽ പോൽ
തുടുത്തകവിളുകളാൽ പുഞ്ചിരിതൂകി
ആരേയും കൊതിപ്പിക്കും ചേലോടെ
ആരിലുമിഷ്ടം ജനിപ്പിക്കുമൊരിളം
കുഞ്ഞിനേപോൽ നീ
പോകെപ്പോകെ താപമേറുന്നു

ജി.എച്ച്.എസ്.മണ്ണഞ്ചേരി

ഭാവവും രൂപവും മാറുന്ന
ബാല്യകൗമാരങ്ങളെപ്പോൽ
കുറുമ്പും കുസൃതിയുമേറുന്ന
കൊഞ്ചിച്ചും ലാളിച്ചും
പരിപാലിച്ചോരെ ചുട്ടുനീറ്റുവാൻ
മടിയാത്തൊരു സുതനെപ്പോൽ
നട്ടുച്ചക്കു യൗവനം പോൽ
തീക്ഷണമാവുന്നു നീ....
യൗവനം പോവാതെ കാത്തുസൂക്ഷിക്കുമ്പോൾ
സൂര്യാ! നീയും നിൻെറ മദ്ധ്യാഹ്നം
മേറ്റുവാൻ പാടുപെടുന്നുവോ?
മദ്ധ്യാഹ്നം പോകെ വാർദ്ധക്യമെന്നപോൽ
നിൻെറ ചൂടും പ്രസരിപ്പും പോയ്
നീയും വൃദ്ധനായ് തീരുന്നുവോ?
താപസനേപ്പോൽ ജ്ഞാനത്താൽ
പരിപക്വനായ് ചിരിതൂകുന്നുവോ നീ?
മരിക്കുവാൻ മടിയാണെങ്കിലും
മരിക്കാതെ വയ്യല്ലോയെന്ന ചിന്തയാൽ
പതിയെ പതിയെ നീ യാത്രയാകുന്നുവോ?
ഇനിയുമൊരു ജന്മത്തിനായ് കൊതിയോടെ,
യാത്രയാകുന്നുവോ, പ്രിയ സൂര്യാ!
യാത്രകാകുന്നുവോ, നീ വീണ്ടും വീണ്ടും.

# പ്രളയപരാജയമീ പ്രതീക്ഷ



**കാവേരി. രാജേഷ്**

X F

അദൃശ്യയായ് മാഞ്ഞുതേഞ്ഞുപോയ്
ദു:ഖകനലുകൾ
ആളിപ്പടർന്നു കയറിപ്പിടിച്ചൊട്ടു -
ന്നേരം ഇനി പ്രതീക്ഷകൾ.
കാലയവനികയുയർന്നു കളിക്കുമ്പോൾ
കണ്ണുനീർ ധാര പുഴയായ് ഒഴുകുമ്പോൾ
കൈയൊതുക്കിപ്പിടിച്ചിന്നു നിന്നിവർ
കൈവിടാത്തതായ ഒന്നീ പ്രതീക്ഷകൾ
പെയ്തുതോരാമഴയൊട്ടു
തന്നിതീനാശനഷ്ടമീ മലനാടിനായ്
ഉയർന്നു പൊങ്ങിയ ഈ മലവെള്ളത്തിൽ
ഊളിയിട്ടിന്നു പേക്കിനാവായി ഈ കുഞ്ഞുജീവിതം
അണയാൻ കാത്തുനിന്ന വിളക്കുകൾ
കരളിലായ് വന്നു കത്തിജ്വലിക്കുന്നു
അരുമയാം ലോകജനനിയിന്നിതാ
പാഠശാലയായ് പരിണമിച്ചീടുന്നു.
കാലവർഷക്കെടുതി കെടുത്തിയ
ജീവനും സ്വപ്നവും പേറി,
വീടും നാടും മുങ്ങിമറഞ്ഞൊരു


ദുഃഖകഥപേറി ഒരായിരം ഹൃദയങ്ങൾ
മഴ വിഴുങ്ങിയ ജീവിതകോലങ്ങൾ
കോലം കെട്ടുണങ്ങീ പൊൻപ്രതീക്ഷകൾ
മരണം മുട്ടിവിളിച്ചപ്പോൾ തോന്നിയീ
**വലിഞ്ഞുകയറിയ അതിഥിയായ്** കണ്ടുഞാൻ
ലോകമെമ്പാടും തെന്നിവീഴുന്ന
മുങ്ങിമരിക്കുന്ന പ്രളയത്തിൽ
കൈയ്ക്കുള്ളിൽ അമർന്നു ശ്വാസം
മുട്ടിനിന്നവർ,സോദരർ അവർ സ്നേഹിതർ
എങ്ങനെരക്ഷതേടും ഈ കുരുന്നു-
കളെങ്ങനെ ലോകം കണ്ടീടും
മരണം തലോടാൻ കൊതിച്ചുനടക്കുന്ന
ഈ മാവേലിതമ്പുരാൻെറ നാട്ടിൽ
തിരികെയെത്തി ജീവനാഡിതുടിപ്പുകൾ
കരയാതെ കൈകോർത്തു
പ്രളയത്തെതോല്പിച്ചു
ഇടറാതെപൊരുതിയീ മക്കൾ
ഇന്നീ മലനാട് കണ്ടുണരുന്നൊരീ
താളമേളങ്ങൾ അവർ തൻ ഭാവന
കാണാൻ കൊതിക്കുന്നു ലോകം
ഇവർ തൻ പ്രതീക്ഷാ ഗോപുരങ്ങൾ
ബന്ധുശത്രുഭേദമില്ലാതെയേവരും
ഒന്നായ് കഴിയുന്ന നാടൊന്നു
കാണുന്ന സുകൃതം തേടി ഞാൻ
പ്രതീക്ഷയോടെ നിൽക്കുന്നു

ജി.എച്ച്.എസ്.മണ്ണഞ്ചേരി

## പ്രതീക്ഷ

അഭിരാമി.എസ്
VIII F





പ്രതീക്ഷയാണിന്നു മാനവർക്കും
പുല്ലിനും പുഴുവിനും പൂവിനുമെല്ലാം

പ്രതീക്ഷയാണിന്നു പൂമൊട്ടിനും നാളെ
യൊരു ശോഭയാർന്ന പുഷ്പമായ് മാറുവാൻ

പ്രതീക്ഷയാണിന്നു പുഴുവിനു
അഴകാർന്ന പൂമ്പാററയാകുവാൻ

പ്രതീക്ഷയാണിന്ന് കർഷകനു
നാളെ പൊന്നിൻ വിളകൾ കൊയ്യുവാൻ

പ്രതീക്ഷയാണ് ഒരു ചെറു ചെടിക്കു
നാളെ തണൽ തരുന്നൊരു മരമായ് മാറുവാൻ
പ്രതീക്ഷയാണമ്മയ്ക്ക് ഇന്ന് തൻെറയുണ്ണി
നാളെ ഭൂമിതൻ തെളിയുന്ന വിളക്കായ് മാറുവാൻ

ജി.എച്ച്.എസ്.മണ്ണഞ്ചേരി



# എൻറ അച്ഛൻ

അനിലാ മൻമഥൻ

അദ്ധ്യാപിക

സ്നേഹത്തിൻ  നിറകുടമായിരുന്നെനച്ഛൻ
സ്നേഹത്തിൻ ആൾരൂപമായിരുന്നു
അച്ഛനും, സ്നേഹവും ഒന്നുതന്നെന്ന്
മനതാരിലെന്നും കുറിച്ചിട്ടു ഞാൻ

ആ സ്നേഹവലയത്തിൽ, സാന്ത്വനത്തണലിങ്കൽ
ചേക്കേറി ഞങ്ങളമ്മയും മക്കളും
അല്ലലറിയാതെ, ആശങ്കയില്ലാതെ
അനിരാമമൊഴുകുന്ന നദിപോലെ ഞങ്ങളും



ഒരിക്കലൊരു ദിനമൊരു സുപ്രഭാതത്തിൽ
എവിടേയ്ക്കോ അച്ഛൻ നടന്നുപോയി
ആരോടും പറയാതെ, ഒരുമൊഴിയോതാതെ
ഏകനായെങ്ങോ മറഞ്ഞുപോയി

സ്നേഹിച്ചു സ്നേഹിച്ചു കൊതിതീർന്നിരുന്നില്ല
സ്നേഹിക്കപ്പെട്ടും മതിവന്നിരുന്നില്ല
എന്തിനാണീശ്വരൻ എന്നച്ഛനെയിങ്ങനെ
തിടുക്കത്തിലെന്തേ പിൻവിളിച്ചു?

കണ്ണിനാൽ കാണുവാനാകാത്ത ശൂന്യത
ഇരുൾ വീഴ്ത്തി ഞങ്ങൾ തൻ കൊച്ചുവീട്ടിൽ
അച്ഛനെ കാണാതെ, ആ സ്നോഹമില്ലാതെ
എത്ര നാളെണ്ണി കഴിച്ചുതീർക്കും?
ഇനിയൊരു ജന്മത്തിൻ തേരിലേറി
എന്നച്ഛനീ മണ്ണിലെത്തുമെങ്കിൽ
ആ സ്നേഹവല്ലിയിലൊരു കുഞ്ഞു പൂവായ്
പിറക്കുവാനെന്നിൽ നീ കൃപ ചൊരിയേണമേ......

ജി.എച്ച്.എസ്.മണ്ണഞ്ചേരി

## കൊതിക്കുന്ന കാലം

**അഫ്റ അനസ്**

VI D

സത്യമാണ് കൗതുകത്തുമ്പിയായിരുന്നു നമ്മൾ
കണ്ടുംകൊതിച്ചും നടന്ന മഴവിൽ ബാല്യം
പുഞ്ചിരിക്കുന്ന പൂവിനെ തലോടി
പൂത്തുലഞ്ഞ മാവിനോട് കുശലം ചൊല്ലി
കുപ്പിവളയുടെ കുസൃതിപോലെ
പാദസരത്തിന്റെ കിലുക്കംപോലെ
എപ്പോഴോ നാം ഒരു കുറമ്പയായ
നനയരുതെന്നഅമ്മ വാക്കിനെ ഒളിച്ച്
പുതുമഴയെ കെട്ടിപുണർന്ന് നാമന്ന്
വെളിയിലുംപാടവരമ്പിലും തൊടിയിലും
പുള്ളിമാനേപോൽ തള്ളികളിച്ച നമ്മൾ
പുസ്തകത്താളിൽ മയിൽപ്പീലിയെ കിടത്തി
അകാശം നോക്കാതെ നെഞ്ചോടമർത്തി
പ്രസവിച്ച കുഞ്ഞിനെകാട്ടാതെ നിന്നപ്പോൾ
ഉറ്റതോഴി പിണക്കം നടിച്ചത്
പിന്നെ കടയിലെ പഞ്ചാര മിഠായി
തോഴിക്ക് നൽകി പിണക്കം മാറ്റിയത്
കീരിപ്പല്ലുപോയപ്പോൾ കൗതുകപ്പേടിയിൽ
ആനപ്പല്ല് വാ എന്ന് കണ്ണീരൊലിപ്പിച്ചത്
സ്ലേറ്റു തുടക്കാൻ വെറ്റമഷിയെ പെറുക്കിവെച്ച്
പുസ്തക സഞ്ചിയിൽ എണ്ണം തികച്ചത്

കളിച്ചും കരഞ്ഞും പകൽ മാഞ്ഞുപോയപ്പോൾ
അമ്പിളിമാമനോട് പരിഭവം ചൊരിഞ്ഞത്
അമ്മത്താരാട്ടിൻ കൈകൾ പതിഞ്ഞപ്പോൾ
പയ്യെ പയ്യെ മിഴികളടഞ്ഞത്
ഓർമ്മകൾ പീലിവിടർത്തുന്നു ബാല്യം
കൈകൾ കാട്ടി വിളിക്കുന്നുപിന്നിൽ
സുവർണ്ണ ബാല്യമേനി ഒരിക്കൽക്കൂടി
എന്നെ ഒന്ന് കളിപ്പിച്ചാലും
നടക്കില്ലെന്നറിഞ്ഞിട്ടും എൻ മനതാരിൽ
കൊതിയുടെ ബാല്യം നെടുവീർപ്പിടുന്നു.



# വൃഥാ



മറന്നങ്ങു പോകുന്നില്ല
മനമേറെ വിതുമ്പുന്നു
മരിക്കാതിരുന്നെങ്കിൽ

**വിജയലക്ഷ്മി.പി.ജി.**
അദ്ധ്യാപിക

ഞാൻവൃഥാ മോഹിക്കുന്നു
ജലജമായ് വിരിഞ്ഞവൾ
ജലദമായ് മാറിപ്പോയോൾ
ജനിക്കാതിരുന്നെങ്കിൽ

ജി.എച്ച്.എസ്.മണ്ണഞ്ചേരി

ഞാൻ വൃഥാ മോഹിക്കുന്നു

കാണാതിരിക്കിലോ
കനം വയ്ക്കുന്നു മനം
കാണുവാൻ കഴിഞ്ഞെങ്കിൽ
ഞാൻ വൃഥാ മോഹിക്കുന്നു

ആരാമം തന്നിലായൊരു
അരുണ ശലഭമായ്
അവളെത്തീടുകിലെന്നു
ഞാൻ വൃഥാ മോഹിക്കുന്നു


മരണം സുനിശ്ചിതം
മർത്യനെന്നാകിലും
മാറുമോ ഹൃദയത്തിൻ
വിങ്ങലും നീറ്റലും
മരിക്കാനെളുപ്പമാണത്രമേൽ
എളുപ്പമല്ലല്ലോ ജീവിതം

# കുയിലമ്മ

*കുയിലമ്മേ കുയിലമ്മേ*
*എന്തുവിശേഷം ചൊല്ലുക നീ*
*കൂടുകൾ കൂട്ടാൻ മടിയായാൽ*
*മുട്ടകൾ എവിടെ സൂക്ഷിക്കും?*
*ദിവസവും മുട്ടകൾ സൂക്ഷിക്കാൻ*
*കാക്കക്കൂടുകൾ തിരയണ്ടേ?*
*കാക്കക്കൂട്ടിൽ മുട്ടയിട്ടാൽ*
*കാക്കകൾ കുഞ്ഞിനെ കൊത്തുല്ലേയ*
*മടിയില്ലാതെ കുയിലമ്മേ*
*കൂടുണ്ടാക്കാൻ നോക്കണമേ*
*കൂടുണ്ടാക്കാൻ നോക്ക്യാലോ*
*മുട്ടകൾക്കടയിരിക്കില്ലേ?*
*കുട്ടികൾ വിരിഞ്ഞാൽ കുയിലമ്മേ*
*പാട്ടുകൾ പാടി രസിക്കില്ലേ?*




*-നജ്മ ഫാത്തിമ*
*9 D*



## കരതലം

ഷിഫാന എസ്

VIII A



പിഞ്ചു കുഞ്ഞായ് പിറന്ന നാൾ തൊട്ടെൻ
ദുഖത്തിലും സന്തോഷത്തിലും
കൂടെയുണ്ടായിരുന്നെൻ
അമ്മ തൻ കരുതലും
പിച്ച വെച്ചൊരീ നാളിലെൻ കൂട്ടായി
എന്നിലെ ശക്തിയായ് താങ്ങായ് തണലായ്
വീഴാതെ നോക്കിയ അച്ഛന്റെ കരതലം
അക്ഷരമുറ്റത്തെ മാധുര്യം നണയുവാൻ

തമസ്സിൽ നിന്നെന്നുമീ ശാന്തി ലഭിക്കുവാൻ
മാടിവിളിച്ചതോ ഗുരുവിന്റെ കരതലം
വിദ്യാലയത്തിന്റെ ഇടനാഴികൾ തോറും
ഇറ്റു വീണ ചുടു കണ്ണുനീരിന്

ആശ്വാസമായതെൻ സുഹൃത്തിൻ കരതലം
യൗവ്വനത്തിന്റെ താളത്തുടിപ്പിൽ
പ്രണയമേ നീയെന്നെ വാരിപ്പുണർന്നപ്പോൾ
ചേർത്തു പിടിച്ചതോ സഖി നിന്റെ കരതലം
വിദ്യാലയത്തിന്റെ ഇടനാഴികൾ തോറും
വിരഹത്തിൻ വേദനയെന്തെന്നറിഞ്ഞ ഞാൻ
തേടുന്ന പ്രത്യാശ തൻ കരതലം
ജീവിതത്തിന്റെ തീച്ചൂള താണ്ടുമ്പോൾ
ആശ്വാസമായി ആശ്രയമായി
അനശ്വര സ്നേഹമാം പതി തൻ കരതലം
കാലചക്രം തിരിയുന്ന കാലത്ത്

സ്നേഹ ബന്ധങ്ങൾ അന്യമായി തീരുമ്പോൾ
ആട്ടിയോടിക്കുന്ന മക്കൾ തൻ കരതലം
നാളെ ഈ ലോകത്തെ വിട്ട് പിരിയുമ്പോൾ
നശ്വര സ്നേഹത്തിൻ കെട്ടുകൾ പൊട്ടുമ്പോൾ
താങ്ങിയെടുക്കുന്ന അന്യർ തൻ കരതലം


ജി.എച്ച്.എസ്.മണ്ണഞ്ചേരി

# പൂമ്പാറ്റ




ജി.എച്ച്.എസ്.മണ്ണഞ്ചേരി

# സുഹൃത്ത്



പ്രഭാതത്തിന്റെ എളിമയുള്ള മിഴികൾ പൂവാരി വിതച്ച് തുറന്നു. ആ വെളിച്ചം ചോരാതെ ജ്വലിച്ച് നിൽക്കുന്ന ചക്രവാളം കിഴക്കായ് ഉദിച്ചു.

പൊന്നു വിളയുന്ന വയലോരക്കുമന്ന് ഗ്രാമവും പതുക്കെ ഉണരുകയായ്.
നോക്കെത്താ ദൂരത്ത് നീണ്ടുനിവർന്നു കിടക്കുന്ന പാടശേഖരങ്ങൾ വയലോരക്കുന്ന് ഗ്രാമത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ് കൃഷി. ഏത് വിത്ത് വിതച്ചാലും കായ്ച് ഫലം തരുമെന്ന കാര്യത്തിൽ യാതൊരു വ്ട്ടുവീഴ്ചയുമില്ല. കാരണം പുത്തൻ ഉണർവിന്റെ ആവേശമായ സ്വാതന്ത്ര്യ സമരകാലത്ത് സർവ്വ ഊർജ്ജവും സംഭരിച്ച് തങ്ങളുടെ മുഷ്ടി ചുരുട്ടി ആകാശ വിതാനത്തിലേക്ക് ജ്വാലകൾ പായിച്ച ധീരൻമാരുടെ പിൻഗാമികളെപ്പോലും അമ്പരപ്പിക്കുന്ന മണ്ണിനോട് രാവും പകലും പടവെട്ടി ജയിച്ച് വരുന്ന കർഷകക്കൂട്ടായ്മയാണ് വയലോരക്കുന്നിലെ ഓരോ കർഷകനും

അവർ ഉദ്പാദിപ്പിക്കുന്നതെല്ലാം ആ ഗ്രാമത്തിലെ സൊസൈറ്റി ഏറ്റെടുത്ത് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നതുവഴി കർഷകർക്ക് വേല ചെയ്യുന്നതിന് തക്ക പ്രതിഫലം അവരുടെ സ്വന്തം കൈവെള്ളയിൽ വന്നു ചേരുന്നു. മാത്രമല്ല 'വിഷരഹിതമായ പച്ചക്കറികൾ' ജനങ്ങളെ രോഗങ്ങളിൽ നിന്നും രക്ഷിക്കുന്നു. ഈ വയലോരക്കുന്ന് സ്കൂളിലാണ് ഞാൻ പഠിക്കുന്നത്.

"എന്റെ പേര് ഉത്തമൻ.”

എന്റെ അച്ഛന് ഇവിടുത്തെ ബാങ്കിലാണ് ജോലി. പേര് 'കൈമൾ'.”
മാത്രമല്ല കൈമൾ ഈ വയലോരക്കുന്നിലെ പാടശേഖര സഹകരണ സംഘത്തിന്റെ ചുമതലക്കാരനാണ്.നിലം ഉഴുന്നത് മുതൽ വിതച്ച് കൊയ്തു

ധനമാക്കുന്നത് വരെ അദ്ധേഹത്തിന്റെ സാന്നിദ്ധ്യം ഒരോ കർഷകനിലും ഉണ്ടായിരുക്കും. അതുകൊണ്ടുതന്നെ ബഹുമാനപൂർവം എല്ലാവരും അദ്ധേഹത്തേ 'കൈമൾസർ' എന്നാണ് വിളിക്കുന്നത്.

എന്റെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്താണ് ജോയി. മിക്ക ദിവസങ്ങളിലും അവൻ ക്ലാസിൽ വരാറില്ല. എന്റെ കൂടെ, എന്റെ ക്ലാസിൽ, എന്റെ അടുത്താണവൻ ഇരിക്കുന്നത്. പതിവുപോലെ അന്നും വയലോരക്കുന്ന് സ്കൂളിൽ മണിമുഴങ്ങി.

ആ മണി നാദത്തിന് ഒരു പ്രത്യേക ഈണമാണ്. കുട്ടികളായ നമ്മെ മാടി വിളിക്കുന്നത് പോലെ. ക്ലാസിൽ ഇന്നും ജോയി വന്നിട്ടില്ല.

“എടാ നിന്റെ കുട്ടുകാരൻ ജോയി രണ്ടു ദിവസമായല്ലോ വന്നിട്ട്. എന്താ അവൻ വരാത്തത്?” മറ്റുകുട്ടികൾ എന്നോട് തിരക്കി.

“അറിയില്ല.”

ഞാൻ പറഞ്ഞു. എന്തായിരിക്കും അവൻ വരാത്തത്? ഞാൻ ചിന്തിച്ചു കൊണ്ടിരുന്നു. ഇടയ്ക്ക് ഗേറ്റിലേക്ക് ഞാൻ നോക്കി.

"ഇല്ല അവൻ ഇല്ല"

സമയം ഒരു പൂമ്പാറ്റയെപ്പോലെ പറന്നു നീങ്ങി.

വൈകുന്നേരത്തേയും മണിനാദം സ്കീളിൽ മുഴങ്ങി; ദേശിയഗാനം; പിന്നെ വീട്ടിലേക്കുള്ള യാത്ര.

ഞാൻ വീട്ടിലേക്ക് നടന്നു നീങ്ങുന്നു. വഴിയിൽ എന്റെ ബഹുദൂരം മുന്നിലായ് എന്റെ ഉയരം തോന്നിക്കുന്ന ഒരു കുട്ടി നടന്നു നീങ്ങുന്നു.

അവന്റെ തലയിൽ ഒരു കെട്ട് വിറക് പോലെ തോന്നിക്കുന്ന എന്തോ ഒന്ന് ഞാൻ കണ്ടു.

സ്കൂൾ വിട്ടുവന്ന മറ്റു കുട്ടികൾ മുന്നിൽ നടന്നുനീങ്ങുന്നത് കൊണ്ട് അവ്യക്തമായേ കാണാൻ കഴിയുന്നുള്ളൂ.

ഞാൻ മുന്നോട്ടോടി.
ഇപ്പോൾ വ്യക്തമായി കാണാൻ കഴിയുന്നു.
"എന്റെ കൂട്ടുകാരനല്ലേ അത്? "
ഞാൻ സ്വയം പറഞ്ഞു.
"ജോയീ.......എടാ......ജോയീ......."
ഞാൻ വിളിച്ചു.
ഒരു കുതിപ്പിന് ഞാൻ അവന്റെ മുന്നിലെത്തി.
ഞാൻ അവനെ ആകെ ഒന്നു നോക്കി.

തീരെ പഴക്കം തോന്നിക്കുന്ന ഒരു പാന്റ്സും, മുഷിഞ്ഞു കീറിയ ഒരു ബനിയനും ധരിച്ച്, തലയിൽ ഒരു കെട്ടു വിറകും. ക്ഷീണിച്ച മുഖവുമായി എന്റെ പ്രിയ കൂട്ടുകാരൻ നിൽക്കുന്നു.

അത് കണ്ട് ഒരു നെഞ്ചിടിപ്പ് എന്നിലുണ്ടായി. അവന്റെ തലയിൽ നിന്നും ആ വിറകുകെട്ട് ഞാൻ താങ്ങി നിലത്തുവെച്ചു.

അവന്റെ ചുമലിൽ കൈവച്ച് ഞാൻ വിളിച്ചു. "ജോയീ.."
മെല്ലെ അവൻ എന്റെ മുഖത്തേക്ക് മിഴികളുയർത്തി. അവന്റെ കണ്ണുകൾ നിറഞ്ഞിരിക്കുന്നത് ഞാൻ കണ്ടു.

" നിനക്കെന്തു പറ്റിയെടാ...?"
"എന്താ നീ ഇങ്ങനെ ജോലി ചെയ്യുന്നത്"
"എന്തു പറ്റിയെടാ നിനക്ക്...?"
എന്റെ ചോദ്യങ്ങൾ എല്ലാം പെട്ടന്നായിരുന്നു.
ജോയി തലകുനിച്ച് നിന്നതല്ലാതെ ഒന്നും പറഞ്ഞില്ല.ഞാൻ ജോയിയേയും കൂട്ടി അവന്റെ വീട്ടിൽ ചെന്നു.

എപ്പോഴാണ് ക്ലാസിൽ നന്നായി പഠിക്കുന്ന, കൃഷിയെ നന്നായി സ്നേഹിക്കുന്ന എന്റെ പ്രിയ കൂട്ടുകാരൻ ജോയിയുടെ സ്ഥിതിഗതികൾ

അറിയുന്നത്.

അവനും, അപ്പനും,അമ്മയും അടങ്ങുന്ന ചെറിയ കുടുംബം അതുപോലെ തന്നെ വളരെ ചെറിയ വീടും.

കൂലിവേലക്കാരനായ ജോയീടപ്പന് എന്നുമൊന്നും ജോലി ഇല്ല. ജോലിയുള്ളപ്പോൾ ഒരു സഹായത്തിനായി ജോയിയും പോകും. ജോയീടപ്പന് സുഖമില്ലാത്തതിനാൽ എന്നും ജോലിക്ക് പോകാനും കഴിയില്ല.

അക്കാരണത്താൽ ആ കുടുംബത്തിലെന്നും 'പട്ടിണി' അനുവാദം കൂടാതെ കടന്നുവരുക പതിവാണ്.

ഞാൻ ജോയിയേയും കൂട്ടി എന്റെ വീട്ടിൽ വന്നു. അമ്മയോട് ഞാൻ കാര്യങ്ങൾ പറഞ്ഞു. അമ്മ മൂക്കത്ത് വിരൽ വെച്ചു പറഞ്ഞു: "എന്റെ ദൈവമേ.....എന്താണീ കേൾക്കുന്നത്?" ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ജോയി പറഞ്ഞു.

"എനിക്ക് പഠിക്കണമെന്നുണ്ട്, പക്ഷേ എന്റെ വീട്ടിലെ പട്ടിണി"അവൻ തുടർന്നു
മിക്ക ദിവസങ്ങളിലും പട്ടിണി മാത്രം

അവന്റെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞു താഴേക്ക് ഒഴുകി. പുറം കൈകൊണ്ട് ജോയി ആ കണ്ണുനീർ തുടച്ച് മാറ്റി. അറിയാതെ എന്റെ അമ്മ കണ്ണുകൾ തുടക്കുന്നത് ഞാൻ കണ്ടു.

ജോയി വീണ്ടും തുടർന്നു.

ഇടയ്ക്ക് അപ്പന് കിട്ടുന്ന ജോലിക്ക് ഞാനും സഹായത്തിനായിപോകും. അന്ന് അപ്പൻ എനിക്ക് വയറുനിറയെ ആഹാരം വാങ്ങിത്തരും. അതാണ് സ്കൂളിൽ വരാൻ സാധിക്കാത്തത്.

"അല്ലാതെ.......അല്ലാതെ....."

അവൻ ഏങ്ങലടിച്ച് കരയാൻ തുടങ്ങി. എനിക്കുനെന്റെ അമ്മക്കും സങ്കടമായി.എന്റെ അമ്മ അവന്റെ അടുത്ത് ചെന്ന് അവനെ സമാധാനിപ്പിച്ചു.

എന്റെ അമ്മ അവനോട് പറഞ്ഞു.

" ജോയീ....ഉത്തമന്റെ അച്ഛൻ വരട്ടെ പറയാം "

ജോയി ഞങ്ങളെ മാറി മാറി നോക്കി.

അവന്റെ കണ്ണുകളിൽ വീണ്ടും ജലം നിറയുന്നത് ഞങ്ങൾ കണ്ടു. താമസിയാതെ ആജല കണികകൾ അടർന്ന് താഴേക്ക് വീണു ചിതറി.

വിജനമായ സ്ഥലത്ത് ഒറ്റപ്പെട്ട് നിൽക്കുന്ന കുട്ടിയെപ്പോലെ അവൻ പകച്ചു നിന്നു.

എനിക്ക് സങ്കടമായി ഒറ്റപ്പെട്ടു നിൽക്കുന്ന കുട്ടിയേക്കാൾ പരിഭ്രമം അവനിലുണ്ടായിരുന്നു.അവൻ മിഴികളുയർത്തി ഞങ്ങളെ വീണ്ടും നോക്കി.

രക്ഷിക്കണം എന്നു പറയുന്നത് പോലെ .

അതെ....അതു തന്നെയാണ് എന്റെ പ്രിയ ചങ്ങാതി പറയുന്നതെന്ന് അവന്റെ ആ നോട്ടത്തിൽ നിന്നും എനിക്കു മനസ്സിലായി.

തെല്ലുനേരം കഴിഞ്ഞ് ജോയി അവന്റെ വീട്ടിലേക്ക് യാത്രയായി. പോകുമ്പോൾ ഒരു പൊതി ഭക്ഷണം അവന്റെ കൈയ്യിൽ വീട്ടിലേക്ക് കൊടുത്തുവിടാൻ എന്റെ അമ്മ മറന്നില്ല.

പകലോൻ അന്നത്തേ ജോലി കഴിഞ്ഞ് കടലിൽ ഒളിച്ചു.

അനുവാദത്തിനു കാത്തുനിൽക്കാതെ സന്ധ്യ കടന്നുവന്നു.

പതിവുപോലെ അമ്മ നിലവിളക്ക് കത്തിച്ചു.കർക്കിടക മാസമായതിനാൽ രാമായണ പാരായണം അമ്മയോടൊപ്പം ഞാനും പതിവാണ്. രാമായണ പാരായണവും നാമജപം ചൊല്ലലും കഴിഞ്ഞ് ഞങ്ങൾ എഴുന്നേറ്റു.

തെല്ലു നേരം കഴിഞ്ഞ് എന്റെ അച്ഛൻ വന്നു.

ചായകുടിച്ചുകൊണ്ടിരുന്ന അച്ഛനോട് അമ്മ കാര്യങ്ങൾ പറഞ്ഞു.എന്റെ അച്ഛന് അതൊരു പുതിയ അറിവായിരുന്നു. എന്റെ അമ്മ പറഞ്ഞു."ജോയിയുടെ പഠന കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കണം. അവൻ നന്നായി പഠിക്കുന്ന

കുഞ്ഞ്മാത്രമല്ല,അവൻ അർദ്ധപ്പട്ടിണിയിലുമാണ്. ചില ദിവസം മുഴുപട്ടിണി."

എന്റെ അച്ഛൻ ചായ കുടി മതിയാക്കി. അമ്മയെ നോക്കി. അച്ഛൻ ജോയിയുടെ കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞു. അന്റെ അമ്മ അച്ഛനോട് പറഞ്ഞു: "ദേ...സാറേ...നിങ്ങൾ സ്കൂൾ പി റ്റി എയിൽ ഉള്ളതാണോ? ഈ കാര്യം സ്കൂളിൽ പറയണം."

എന്റെ അമ്മ അച്ഛനെ വിളിക്കുന്നത് 'സാറേ' എന്നാണ്. നാട്ടുകാർ 'കൈമൾ സാറേ' എന്നു വിളിക്കുന്നത് കേട്ട് അമ്മയും അത് ശീലമാക്കി.

പിറ്റേ ദിവസം എന്റെ അച്ഛൻ സ്കൂളിൽ ചെന്ന് കാര്യങ്ങൾ തുറന്ന് പറഞ്ഞു. " 'ജോയി' എന്ന കുട്ടിക്ക് പഠിക്കാനുള്ള സഹായങ്ങൾ നമ്മൾ ചെയ്തു കൊടുക്കണം. ഇല്ലെങ്കിൽ നാളെയുടെ വാഗ്ദാനമായി മാറേണ്ട കുഞ്ഞുങ്ങൾ എന്തായി തീരും എന്ന് പറയാൻ കഴിയില്ല."

അച്ഛൻ തുടർന്ന്.....

മയക്കുമരുന്നിന്റെ ഈ മായാലോകത്ത് നമ്മുടെ ഈ തലമുറ മുങ്ങിത്താഴുമ്പോൾ കഷ്ടപ്പാടിലും, ദാരിദ്ര്യത്തിലും പഠിക്കാൻ കഴിയാതെ കൂരയുടെ ഒരു മൂലയിൽ തളർന്നുവീഴാൻ ഈ സ്കൂളിലെ ഒരു കുട്ടിക്കുപോലും ഇട ഉണ്ടാവരുത്. നമ്മൾ അവരെ കണ്ടെത്തി സഹായിച്ച് കൈ പിടിച്ചുയർത്തി വിജ്ഞാനത്തിന്റെ പടവുകളിൽ എത്തിക്കാൻ ശ്രമിക്കണം. അതിന് നിങ്ങളുടെ കൂട്ടായ സഹായ സഹകരണങ്ങൾ ഉണ്ടാകണം.

കൈമൾ സാർ പറഞ്ഞത് ശരിയാണ് പെട്ടെന്ന് എച്ച്. എം. പറഞ്ഞു

മറ്റ് അദ്ധ്യാപകരും പി.റ്റി.എയും അത് ന്യായമാണെന്ന് പറഞ്ഞു. അവർ സംയുക്തമായി ഉടൻ തന്നെ കുറച്ചധികം പണം കണ്ടെത്തി. അതുമായി ജോയിയുടെ വീട്ടിലെത്തി.

"ഇവിടാരുമില്ലേ?"

എച്ച്.എം. വിളിച്ചു ചോദിച്ചു.ആ ചെറിയ പുരയിൽ നിന്നും ജോയിയുടെ അപ്പനും, അമ്മയും കൂടെ ജോയിയും ഇറങ്ങിവന്നു.എച്ച്.എം. ജോയിയുടെ അപ്പനോടായി പറഞ്ഞു. "നാളെ ജോയിയെ സ്കൂളിൽ വിടണം.അവൻ നന്നായി പഠിക്കുന്ന കുട്ടിയാ. അവന്റെ പഠന കാര്യങ്ങളെല്ലാം ഈ കൈമൾ സാർ നോക്കിക്കോളും "

എച്ച്.എം. തുടർന്ന് പറഞ്ഞു.

ബാലവേല ശിഷാർഹമാണ്. പഠിക്കുന്ന കുട്ടിയെ പഠിക്കാൻ വിടാതെ ജോലി ചെയ്യിക്കുന്നത് ശരിയാണോ.... അവൻ പഠിച്ച് നല്ല നിലയിലായാൽ നിങ്ങളുടെ കുടുംബം രക്ഷടും. നിങ്ങൾക്ക് അവൻ താങ്ങും തണലുമാവും. എന്താണ് ഇതൊക്കെ നിങ്ങൾ ചിന്തിക്കാത്തത്. നിങ്ങൾക്ക് കുറച്ച് കഷ്ടപ്പാടുകളുണ്ടെന്ന് ഞങ്ങൾ അറിഞ്ഞു എന്നാലും...........

ശക്തവും ഉചിതവുമായിരുന്നു എച്ച്.എം.ന്റെ വാക്കുകൾ ആർത്തലച്ചു ചെയ്തു നിന്ന പേമാരി പോലെ തെല്ലുനേരം നിശഹബ്ദത മാത്രം.വന്നവരെല്ലാം നിശബ്ദരായി നിന്നുരപോയി.എച്ച്.എം. വലിയ ശബ്ദത്തിൽ അവരെ നോക്കി മുരടനക്കി. നിശബ്ദരായി നിന്നവരെല്ലാവരും ഉണർന്നു. ഞങ്ങൾ സ്വരൂപിച്ചുകൊണ്ടുവന്ന തുക പ്രധാന അദ്ധ്യാപിക ജോയീടപ്പന്റെ കൈയ്യിൽ കൊടുത്തിട്ട് പുഞ്ചിരിയോടെ പറഞ്ഞു.

"നാളെ മുതൽ ജോയിയെ വിടണം കേട്ടോ.... ഇപ്പോൾ സ്കൂളുകളിൽ പാഠ്യേതരവിഷയങ്ങളിൽ മികവുറ്റ അദ്ധ്യാപകരാണ് കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത്. എന്റെ കൂടെ നിൽക്കുന്ന അദ്ധ്യാപകരും നല്ല കഴിവുള്ളവർ തന്നെയാണ്. സർക്കാർ പൊതുവിദ്യാഭ്യാസസമ്പൂർണ്ണ യജ്ഞത്തിന്റെ തുടക്കം എന്നേ..... കുറിച്ചുകഴിഞ്ഞു. എല്ലാ സ്കൂളുകളും ഉയർന്ന നിലവാരമുള്ളതാക്കി മാറ്റാൻ പോകുന്നു. ഇതൊക്കെ നമ്മുടെ കുട്ടികളുടെ ഭാവി സുനിശ്ചിതമാക്കും."

"അതെ" എന്ന അർത്ഥത്തിൽ മറ്റ് അദ്ധ്യാപകർ

ഇടയ്ക്കിടയ്ക്ക് തല കുലുക്കിക്കൊണ്ടിരുന്നു.

എച്ച്.എം. പറഞ്ഞു നിർത്തി.

വിറയ്ക്കുന്ന കൈകളാൽ പ്രധാന അദ്ധ്യാപികയുടെ കൈയ്യിൽ നിന്നും ജോയീടപ്പൻ ആതുക വാങ്ങി. അപ്പോൾ ജോയിയുടെ അമ്മ പറഞ്ഞു:"സാറന്മാരേ ഞങ്ങൾക്കോ പഠിപ്പില്ല. ഞങ്ങളുടെ മകൻ ജോയിയേ നാലക്ഷരം പഠിപ്പിക്കണം എന്ന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. നാളെ മുതൽ എന്റെ മോൻ മുടങ്ങാതെ സ്കൂളിൽ വരും."

ഈ സമയം ഞാൻ എന്റെ കൂട്ടുകാരൻ ജോയിയുടെ മുഖത്തേക്ക് നോക്കി.അന്ധകാരത്തിൽ കിടന്ന സങ്കടം മാറിമറിഞ്ഞ് ഒരു പ്രകാശത്തിന്റെ സന്തോഷവും പുഞ്ചിരിയും ഞാനവന്റെ മുഖത്ത് കണ്ടു.

'അന്ന് രാത്രി....'

നാളെ മുതൽ ജോയി സ്കൂളിൽ വരുമല്ലോ എന്ന സന്തോഷത്താൽ ഞാൻ ഉറക്കത്തിന്റെ പടുകുഴിയിൽ വീണു.

പിറ്റേന്ന് പ്രഭാതം...

"ഉത്തമാ....ദാനിന്റെ കൂട്ടുകാരൻ ജോയി വന്നിരിക്കുന്നു. കൂടെ അവന്റെ അപ്പനുമുണ്ട്."

എന്റെ അമ്മ വിളിച്ചു പറഞ്ഞു. ഞാനും എന്റെ അച്ഛനും വാതിൽക്കൽലെത്തി "കയറി വരൂ"

എന്റെ അച്ഛൻ പറഞ്ഞു.

ജോയീടപ്പൻ:-"വേണ്ട സാറേ ഇവിടെ നിന്നുകൊള്ളാം"

വീണ്ടും നിർബന്ധിച്ചപ്പോൾ അവർ അകത്ത് കയറി ഇരുന്നു.

എന്റെ അച്ഛൻ ചോദിച്ചു:- "ജോയീടപ്പന് സ്ഥിരമായി ഇല്ലല്ലോ ?"

ജോയീടപ്പൻ :- "ഇല്ല സാറേ...."

കൈമൾ സാർ:-" ഉം"... എന്ന് ഒന്നിരുത്തി മൂളിയിട്ട് അകത്ത് മുറിയിൽ കയറി.

പെട്ടന്ന് കയ്യിലൊരു കവറുമായി ഇറങ്ങി വന്നു. അത് ജോയീടപ്പന്റെ കൈയ്യിൽ കൊടുത്തിട്ട് പറഞ്ഞു:-" ഇവിടെ പാടശേഖര സഹകരണ സംഘം ഗോഡൗണിൽ ജോലിക്കുള്ള എന്റെ ശുപാർഷക്കത്താണിത്. ഇത് സെക്രട്ടറിക്ക് കൊണ്ടുക്കൊടുത്താൽ മതി. ജീവിക്കാനുള്ള വരുമാനം ഈ ജോലിയിൽ നിന്നും നിങ്ങൾക്കു ലഭിക്കും ."

ജോയീടപ്പൻ ഇരുന്നിടത്ത് നിന്ന് എഴുന്നേറ്റു. അദ്ധേഹത്തിന്റെ കൈയ്യിലിരുന്ന് ആ കവർ വിറയ്ക്കുന്നുണ്ടായിരുന്നു.

കൈമൾ സാ...റേ... എന്ന ഒരു തേങ്ങൽ മാത്രം ജോയീടപ്പനിൽ നിന്നും ഇയർന്ന് കേട്ടു.ഞങ്ങൾ സ്കൂളിലേക്ക് യാത്രയായി.

സ്കൂളിൽ വീണ്ടും മണിനാദം മുഴങ്ങി. ജോയിയുടെ സീറ്റ് പിന്നീടൊരിക്കലും ഒഴിഞ്ഞില്ല. അവൻ ക്ലാസിൽ ശ്രദ്ധയോടെ പഠിച്ചു. അതോടൊപ്പം സ്കൂളിൽ നല്ലൊരു പച്ചക്കറിത്തോട്ടം തന്നെ ജോയി നിർമ്മിച്ചു. സ്കൂളിനാവശ്യമായ വിഷരഹിത പച്ചക്കറികൾ അതിൽ നിന്നും കിട്ടി തുടങ്ങി.

ക്ലാസിൽ പരീക്ഷ വന്നു. ഒന്നാമനായ എന്നെ വകഞ്ഞ് മാറ്റി ഒന്നാം സ്ഥാനം ജോയി കൈയ്യടക്കി. 'സൂര്യപുത്രനായി ജനിച്ചിട്ടും സൂത്രപുത്രനായി മാറിയ കർണ്ണൻ സ്വയം പ്രയത്നം കൊണ്ട് ക്ഷത്രിയ സ്ഥാനം നേടിയത് പോലെ...!'

കടമ്പകൾ ഓരോന്നും കടന്ന് ജോയി സ്കൂളിൽ ഒന്നാമനായി. ഇന്ന് ആ സ്കൂളിൽ പഠനത്തിലും, കൃഷിയിലും ജോയി ഒന്നാമൻ തന്നെയാണ്. അദ്ധ്യാപകരുടെയും രക്ഷകർത്താകളുടെയും കണ്ണിലുണ്ണിയായും ജോയി പെട്ടെന്ന് മാറി.

കാലം കടന്നുപോയി......

പത്താം തരത്തിൽ നല്ല മാർക്ക് വാങ്ങി ഞാനും ജോയിയും ആ വിദ്യാലയത്തിൽ നിന്നും പടികളിറങ്ങി.

തുടർ വിദ്യാഭ്യാസത്തിന്റെ ഒരുക്കങ്ങൾ ഞങ്ങൾ തുടങ്ങി. അപ്പോഴണ് എന്റെ അച്ഛൻ കൈമൾ സാറിന് വളരെ അകലേയുള്ള ബാങ്കിലേക്ക് സ്ഥലം മാറ്റം കിട്ടിയത്. ഞാനും ജോയിയും ഞങ്ങൾ പതിവായി കാണാറുള്ള മരച്ചുവട്ടിലെത്തി. രണ്ടുപ്പേരും ഒന്നും മിണ്ടിയില്ല. മൂകത മാത്രം. "നാളെ പോവുകയാ അല്ലേ" ജോയി ചോദിച്ചു. "അതെ...നാളെ പോകും...." ഞാൻ പറഞ്ഞു. "നമ്മൾ എത്ര അകലെയിരുന്നാലും എന്റെ മനസ്സ് എന്നും നിന്റെ കൂടെ ഉണ്ടായിരിക്കും"

ജോയി ഒരു തേങ്ങലോടെ പറഞ്ഞു.

ഞങ്ങൾ പരസ്പരം നോക്കി. നാലു കണ്ണുകൾ നിറഞ്ഞു കവിഞ്ഞു. ഞങ്ങളിലെ കഴിഞ്ഞ നാളുകൾ ആ.... നാലു കണ്ണുകളിൽ കൂടി കടന്ന് പോയി. പല,പല കർക്കിടങ്ങളും പൊന്നിൻ ചിങ്ങതിരുവോണങ്ങളും ആർപ്പ് വിളികളും കടന്ന് പോയി. അപ്പോഴും നാലുമിഴികളിൽ നിന്നും ചൂടു കണ്ണുനീർ ധാരയായി താഴേക്ക് ഊര്ന്നിറങ്ങിക്കൊണ്ടിരുന്നു.

ആ സമയം ദൂരെ നിന്നും ആർത്തലച്ച്, ചിരിച്ച്, രസിച്ചു വന്ന മാരുതൻ അവരുടെ ദു:ഖം കാണാനാവാതെ പാതിവഴിയിൽ തിരിച്ചുപോയി. മരത്തിന്റെ ചില്ലകളും നിശബ്ദരായി. ഇത് കണ്ട് ദു:ഖം തോന്നി ജ്വലിച്ചു നിന്ന സൂര്യൻ അടുത്തുകണ്ട കാർമേഘത്തിൽ ഒളിച്ചു. വെളിച്ചം മറഞ്ഞു.

അങ്ങനെ എത്ര നേരം നിന്നു എന്നറിയില്ല. രണ്ടു കരങ്ങൾ ഞങ്ങളെ സ്പർശിച്ചു. ഒന്ന് ജോയീടപ്പനും മറ്റൊന്ന് എന്റെ അച്ഛനുമായിരുന്നു. ഞങ്ങൾ യാത്ര പറഞ്ഞ പിരിഞ്ഞു ദൂരേക്ക്.....

മഞ്ഞും, വസന്തവും, വേനലും, മഴയും പലതും കടന്നുപോയി.

ഈ സമയം ഞാൻ B.com കഴിഞ്ഞ് അടുത്ത പഠനത്തിന് തയ്യാറെടുക്കുമ്പോൾ അപ്രതീക്ഷിതമായി എനിക്ക് ബാങ്കിൽ ജോലി കിട്ടി.

എന്റെ അച്ഛന് സന്തോഷമായി. മറുവശത്ത് ജോയിയും പഠനം തുടർന്നുകൊണ്ടിരുന്നു. ചിങ്ങമാസത്തിലെ പൊന്നിൻ തിരുവോണങ്ങൾ ഒന്നിനു പുറകേ ഒന്നൊന്നായി കടന്നുപൊയ്ക്കൊണ്ടിരുന്നു. കൈമൾ സാർ ജോലിയിൽ നിന്നും വിരമിച്ചു. ആ ഇടയ്ക്ക് എന്റെ നാടായ വയലോരക്കുന്നിലേക്ക് സ്ഥലം മാറ്റം കിട്ടി. അവിടത്തെ ബാങ്കിൽ, അതായത് അച്ഛൻ ജോലി ചെയ്ത അതേ ബാങ്കിൽ. എനിക്ക് വളരെ സന്തോഷമായി.പിറ്റേ ദിവസം പുലർച്ചെ കൈമൾ സാറും കുടുംബവും വയലോരക്കുന്നിലെത്തി.

അടുത്ത ദിവസം തന്നെ ഞാൻ അച്ഛൻ ജോലി ചെയ്ത ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. എന്റെ അച്ഛൻ കൃഷിക്കാര്യങ്ങളിൽ പഴയതുപോലെ വീണ്ടും വ്യാപൃതനായി.

വയലോരക്കുന്നിലെ കൃഷിഭവനിൽ ഏക്കറുകണക്കിന് പാടശേഖരത്തിൽ പുതിയ കൃഷിരീതികൾ ഉപയോഗിച്ച് വിഷരഹിതമായ പച്ചക്കറികൾ ഉത്പാദിപ്പിക്കാനുള്ള മാർഗനിർദേശങ്ങൾ നടക്കുന്നു. കൃഷിഭവനിൽ വന്ന കർഷകർ തമ്മിൽ പറയുന്നു.

"ഇപ്പോൾ വന്നിരിക്കുന്ന പുതിയ കൃഷി ഓഫീസർ നല്ലയാളാണ്. മണ്ണും കൃഷിയും അറിയുന്ന ആളാണ്. ചെറുപ്പക്കാരനാണ്. നമ്മുടെ നാട്ടുകാരൻ കൂടിയാണ്.”അങ്ങനെപോകുന്നു. അവരുടെ സംസാരരീതികൾ ആ കൃഷിഭവന്റെ വാതിൽക്കൽ ഞാനും എന്റെ അച്ഛനുമായി ചെന്നുനിന്നു.അകത്തുനിന്നും പുതിയ കൃഷി ഓഫീസറുടെ സംസാരം അവ്യക്തമായി കേൾക്കാം.

ഞാൻ പുറത്തുനിന്നും വിളിച്ചു ചോദിച്ചു: “മെ ഐ കമിൻ സർ”

“യെസ്സ് കമിൻ” അകത്തു നിന്നും ഉടൻ ണറുപടി വന്നു.

ഞാനും അച്ഛനും അകത്തു കയറി കറങ്ങുന്ന കസേരയിൽ ഇരിക്കുന്ന സുമുഖനായ ചെറുപ്പക്കാരനെ ഞങ്ങൾ കണ്ടു.

കസേരയിലിരിക്കുന്നയാൾ ഞങ്ങളേയും.

പെട്ടെന്ന് അദ്ധേഹം ചാടിയെഴുന്നേറ്റ് എന്റെ അച്ഛനെ കൈകൾ കൂപ്പി തൊഴുന്നതും ഞാൻ കണ്ടു. എന്റെ കണ്ണുകൾ മേഷമേലിരിക്കുന്ന നെയിം ബോർഡിൽ ഉടക്കി. ഞാനത് വായിച്ചു.

"ജോയി മാത്യു"

കൃഷി ഓഫീസർ...

"ജോയീ...".ഞാൻ വിളിച്ചു.

"ഉത്തമാ..." എന്നു വിളിച്ചു കൊണ്ട് അവനെന്നെ കെട്ടിപ്പുണർന്നു.

"എന്റെ അച്ഛൻ നിന്നെ കുറിച്ച് എന്നോട് വിശദമായി ഒന്നും പറഞ്ഞില്ലെടാ" എന്ന് പറഞ്ഞ് ഞാൻ അച്ഛനെ നോക്കി.

ഉ മുഹമ്മദ് ആസിഫ്ഉത്തമാ നിനക്കൊരു സസ്പെൻസ് ആയിക്കോട്ടേ എന്ന് കരുതി.അച്ഛൻ എന്നോട് പറഞ്ഞു. അവർ മൂവരും പുറത്ത് കടന്നു നടന്നു. ജോയീടെ വീടിന്റെ വാതിൽക്കൽ എത്തി. പഴയ ചെറിയ വീട് നിന്ന സ്ഥലത്ത് പുതിയ ഇരുനിലവീട് ഉയർന്ന് നിൽക്കുന്നു.

അവരെ കണ്ട് വിശേഷങ്ങൾ പങ്കുവെച്ചു. ഞങ്ങൾ നടന്ന് ആ പഴയ മരച്ചുവട്ടിലെത്തി. "ഉത്തമാ.....". ജോയി വിളിച്ചു. നിന്റെ അച്ഛൻ എന്നെ വേണ്ടുവോളം സഹായിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ ഇന്ന് ആ പഴയ ജോയി തന്നെ ആയേനെ. എല്ലാതിനും നിന്നോടും നിന്റെ കുടുംബത്തോടും എനിക്ക് കടപ്പാടുണ്ട്. ഈശ്വരന്റെ സ്ഥാനത്താണ് എന്ന് കൈമൾസാർ. വിദ്യ എന്ന മഹാധനം നേടിയില്ലായിരുന്നുവെങ്കിൽ... എനിക്ക് ഓർക്കാൻ കൂടികഴിയുന്നില്ല. അന്ധകാരത്തിൽ കിടന്ന എന്നെ പ്രകാശമെന്ന അറിവിന്റെ പാതയിൽ നയിച്ച നീയാണ് എന്റെ യഥാർത്ഥ സ്നേഹിതൻ.

ഞാൻ ജോയിയെ കെട്ടിപ്പിടിച്ചു. നാലുകണ്ണുകൾ വീണ്ടും കണ്ടുമുട്ടി. തമ്മിൽ കാണാതിരുന്ന നാളിത്രയുമുള്ള കഥകൾ ആ കണ്ണുകൾ പരസ്പരം

പറഞ്ഞു. ആ രണ്ടു മുഖങ്ങളിൽ കാർമേഘങ്ങൾ മാറി പകരം പുഞ്ചിരിയാണോ, ആഹ്ലാദമാണോ. ഏതോ ഒരു സത്യമായ സന്തോഷത്തിന്റെ മാസ്മരലോകത്ത് എത്തിയതുപോലെ അവർ നിന്നു. ഈ സമയം അന്ന് ദു:ഖിച്ച് പാതിവഴിയിൽ മടങ്ങിയ മാരുതൻ സന്തോഷത്തോടെ ആർത്ത് തുള്ളിച്ചാടി.

" ബാലനിലൻ വന്നു തട്ടുന്ന നേരത്ത്, കോലാഹല നൃത്തമാടും ദലങ്ങളും..."


എന്നത്പോലെ സർവ്വശക്തിയുമെടുത്ത് അവരെ പുളകം കൊള്ളിച്ച് കടന്നുപോയി. ആ സമയം മരച്ചില്ലകൾ ആഞ്ഞുലഞ്ഞു. ഇലകൾ താഴേക്ക് പതിച്ചു. ഇതെല്ലാം കണ്ട് കാർമേഘപ്പാലിയിൽ പണ്ടൊളിച്ച പകലോൻ മേഘങ്ങളെ തള്ളിനീക്കി പുറത്ത് വന്ന് ജ്വലിച്ച് നിന്നു. പെട്ടെന്ന് രണ്ട് കരങ്ങൾ അവരെ സ്പർശിച്ചു......!

ഒന്ന് ജോയീടപ്പനും മറ്റൊന്നെന്റെ അച്ഛനും. ഞങ്ങൾ മുന്നോട്ട് നടന്നുനീങ്ങി... സന്തോഷത്തോടെ ഈ സമയം കുറച്ചകലെ നിന്നും പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണ നാളിലെ ആർപ്പ് വിളികൾ കേൾക്കയായി.

അതെ....വീണ്ടും ഒരു തിരുവോണം വന്നുപോവുകയായി. നമ്മളെ എല്ലാവരേയും പിന്നിലാക്കിക്കൊണ്ട്

**മുഹമ്മദ് ആസിഫ്**

IX F



1

1 തമ്പകച്ചുവട് സ്കൂളിൽ U.P ക്ളാസ് പഠനകാലത്ത് "എൻെറ വിദ്യാലയം" എന്ന ചെറുകഥാ സമാഹാരം പുറത്തിറക്കിയിട്ടുണ്ട്. മലയാളഭാഷയുടെ പുതിയ എഴുത്തുകാരൻ.



## പിൻതുടർച്ച

സിയാന.എ.

XC

കായലിൻെറ ഓളപ്പരപ്പിൽ കളിചിരിയിൽ മുഴുകി അവൾ മറ്റെല്ലാം മറന്നിരുന്നു. പെട്ടന്നാണ് കായലിൻെറ സമതലത്തിൽ നിന്നും എന്തോ പൊങ്ങിവരുന്നത് ശ്രദ്ധയിൽപ്പെട്ടത്. മറ്റെല്ലാം മറന്നിരുന്നു.

പെട്ടെന്ന് അവൾ കായലിൻെറ ആഴങ്ങളിലേക്ക് മറഞ്ഞിരുന്നു. കണ്ണ് തുറക്കുമ്പോൾ താൻ ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ ക്ക് പകരം അമ്പലവും താമരയും കൊണ്ട് മേനിയാകെ ആവരണം ചെയ്തിരിക്കുന്നു.അവളുടെ ജഢപിടിച്ച മുടികൾ പാറിപ്പറന്ന് വിസ്മയം തീർത്തിരുന്നു.

താൻ ഒരു അതിമനോഹരിയായ പെൺകുട്ടിയായിരിക്കുന്നതു പോലെ തോന്നി. അവൾക്ക് കായലിലൂടെ നടക്കാൻ സാധിക്കുന്നു. കുറേ ദൂരം നടന്നപ്പോൾ ഒരു സന്യാസിയുടെ ആശ്രമത്തോട് സാമ്യം തോന്നിക്കുന്ന ഒരു വീട് കണ്ടു. അവിടെ ഒരു സന്യാസിയുണ്ടായിരുന്നു. അദ്ദേഹത്തോട് സംസാരിച്ചപ്പോൾ നൂറ്റാണ്ടുകളായി അവിടെ സന്യസിക്കുകയാണെന്ന് അവൾക്ക് മനസ്സിലായി. താൻ എങ്ങനെയാണ് ഇവിടെ ഏത്തിയതെന്ന് അവൾ തിരിച്ചറിഞ്ഞു.ഇദ്ദേഹത്തിൻെറ 400 വർഷം നീണ്ട തപസ്സ് അവസാനിപ്പിക്കാനായി ,പിൻതുടർച്ചക്കായി ഒരു കന്യക വേണം തപസ്സ് ചെയ്യുവാൻ. അതിന് വേണ്ടിയാണ് അദ്ദേഹം അവളെ അവിടെ എത്തിച്ചത്. ആദ്യം അവൾക്ക് അതിൽ രസം തോന്നിയെങ്കിലും

പിന്നീട് തൻെറ വീട്ടുകാരേക്കുറിച്ച് ഓർത്തപ്പോൾ നിരാശയായി. അച്ഛൻെറ കൂടെയുള്ള ചുറ്റലും, അമ്മയുമായുള്ള വഴക്കും, അനുജൻെറ കളിയാക്കലും  എല്ലാം അവളെ ഒരുപാട് വേദനിപ്പിച്ചു.

പെട്ടെന്നാണ് കണ്ണുകളിലേക്ക് വെളിച്ചം ഇരച്ചു കയറിയത്. ആശ്രമവും, സന്യാസിയുമെല്ലാം എവിടെ ? !!!!!!! എല്ലാം വെറും സ്വപ്നമായിരുന്നു. “ സുന്ദരസ്വപ്നം".

## സ്വപ്നം





തസ്നിമ.നിഹാസ്
X F

ഓഫീസിലെ പൊടിക്കും ഫയലുകൾക്കിടയിൽ വീർപ്പുമുട്ടിയാണ് രവി വീട്ടിലെത്തിയത്. വീട്ടിലെത്തിയിട്ടും രവി ക്ഷീണിതനാണ്. സുമ മുറിയിൽ തുണി മടക്കുന്നു. കൺമണിയും സ്വാതിയും അകത്ത് ടി.വി. കാണുന്നു. രവി വിട്ടിലെ തന്റെ കിടപ്പുമുറിയിൽ കയറി ഡ്രസ്സ് മാറി. സുമ മുറിയിൽ വന്ന് കഴിക്കാൻ വരാൻ പറഞ്ഞു. രവിയും മക്കളും ഡൈനിങ്ങ്ടേബിളിൽ ഒത്തുകൂടി.എന്നിട്ടും രവിയെ ആരും ശ്രദ്ധിച്ചില്ല. മക്കൾ ഭക്ഷണശേഷം കിടപ്പുമുറിയിൽ ഒത്തുകൂടി. അവൻ സങ്കടം കൊണ്ട് വീർപ്പുമുട്ടി. താനാർക്കുവേണ്ടിയാണോ കഷ്ടപ്പെടുന്നത് അവർ തനിക്ക് മനസ്സിൽ ഒരു സ്ഥാനവും നൽകുന്നില്ല എന്ന് മനസ്സിലാക്കിയ ഒരു പിതാവിൻെറ അസഹനീയമായ ഹൃദയവേദന. സുമ മുറിയിൽ കയറിക്കിടന്നു. രവി ഒരുപാട് നേരത്തെ ചിന്തകൾക്കുശേഷം പാത്രവുമായി അടുക്കളയിലെത്തി. കൈകഴുകി,മുറിയിൽ വന്ന് സുമ കിടന്ന കട്ടിലിൻെറ അടുത്ത കട്ടിലിൽ കിടന്നുറങ്ങി. ദീർഘനിദ്രയിൽ അയാൾ ഒരു സ്വപ്നം കാണാനിടയായി. ഒരു നായ അയാളെ കടിക്കാൻ വരുന്നതും പേടിച്ചരണ്ട അയാളെകണ്ട് നായ മൗനമായി മടങ്ങുകയും ചെയ്തു. ഇതായിരുന്നു രവിയുടെ സ്വപ്നം. ഇങ്ങനെ എല്ലാദിവസവും മക്കളുടെ അവഗണന സഹിച്ച് കഷ്ടപ്പെട്ട് വീട്ടിൽ വരുന്ന രവി ഉറങ്ങുമ്പോൾ ഇതേ സ്വപ്നം തുടർന്നു. കുറച്ച് ദിവസങ്ങൾക്ക് ശേഷം മറ്റൊരു സ്വപ്നം കണ്ടു. തെരുവിൽ കിടന്നുറങ്ങുന്ന രവിയുടെ

നേർക്ക് ഒരുമനുഷ്യൻ ചീത്തപഴങ്ങൾ എറിയുന്നു. ഈ സ്വപ്നങ്ങൾ വീണ്ടും തുടർന്നു. രവി നല്ലൊരു പണ്ഡിതനെക്കണ്ട് സ്വപ്നവ്യാഖ്യാനം നടത്താൻ തീരുമാനിച്ചു. ദിവസങ്ങൾ നീണ്ട തിരച്ചിലിനൊടുവിൽ ഒരു പണ്ഡിതനെ വഴിയരികിൽ കണ്ടുമുട്ടി. അദ്ദേഹത്തിൻെറ മറുപടി ഇങ്ങനെയായിരുന്നു--- ജോലിയിൽ പിഴവുവരുത്തിയാൽ ജയിലിലടക്കപ്പെടും എന്നതാണ് ഒന്നാമത്തെ സ്വപ്നത്തിൻെറ അർഥം. രണ്ടാമത്തെ സ്വപ്നം തൻെറ മക്കളുടെ മനസ്സിൽ തനിക്ക് ഒരു പാഴ്വസ്തുവിൻെറ സ്ഥാനം പോലുമില്ലഎന്ന്. അതയാൾ അംഗീകരിച്ചു. എന്നാൽ ആദ്യത്തേത് അയാൾ അംഗീകരിച്ചില്ല. തന്നെ കൂട്ടുകാർ ഒരിക്കലും ചതിക്കില്ല എന്നായിരുന്നു അയാൾ വിശ്വസിച്ചത്. രവിയുടെ അഭാവത്തിൽ അയാളെ സുഹൃത്ത് കബളിപ്പിച്ചു. രവി ജയിലിലുമായി. പിന്നീട് ഇരുളറക്കുള്ളിൽ മരണം വരെ ഒരു പാഴ്വസ്തുവിനെപോലെ രവി ജീവിച്ച് തീർത്തു

# ചിമ്പുക്കരടിയും ലുല്ലുമുയലും



മുഹമ്മദ് സിനാൻ.എൻ
II A

മഞ്ചാടിക്കാട്ടിൽ ഒരു പാറയിടുക്കിലാണ് ചിമ്പുക്കരടിയുടെ താമസം. ചിമ്പു പാവവും നല്ലവനും ആയിരുന്നു. ചിമ്പുവിൻെറ കൂട്ടുകാര നായിരുന്നു ലുല്ലുമുയൽ. ചിമ്പുവിൻെറഅപ്പുറത്തെ മാളത്തിലായിരുന്നു ലുല്ലുവിൻെറ താമസം.

ലുല്ലു എന്നും ചിമ്പുവിനെ കളിയാക്കും. തടിയാ, കറുമ്പാ, നിന്നേക്കാണാൻ ഒരു ഭംഗിയുമില്ല.എൻെറ അടുത്ത് വരരുത്. ഒരു ദിവസം പുഴക്കരയിൽ നിന്ന് പന്ത് കളിക്കുകയായിരുന്ന ലുല്ലുവിൻെറ അടുത്ത് ചെന്ന് ചിമ്പു പറഞ്ഞു. എന്നേ കളിപ്പിക്കുമോ? ഇല്ല, തടിയാ, നീ വേഗം പൊയ്ക്കോ. പാവം ചിമ്പു മാറിയിരുന്ന് സങ്കടപ്പെട്ടു.

അപ്പോഴാണ് പന്ത് പുഴയിലേക്ക് വീണു. പന്ത് എടുക്കാൻ ശ്രമിക്കുമ്പോൾ ലുല്ലു പുഴയിൽ വീണു. കരച്ചിൽ കേട്ട് ചിമ്പു ഓടിവന്നു. ലുല്ലുവിനെ രക്ഷപ്പെടുത്തി. ലുല്ലു പറഞ്ഞു. നീയാണ് എൻെറ ജീവൻ രക്ഷപ്പെടുത്തിയത്. ഇനി നമ്മൾ നല്ല കൂട്ടൂകാരായിരിക്കും




## ചുണ്ടനെലിയുടെ ബുദ്ധി

ആദിത്യ. കെ

II A

ഒരിടത്ത് രണ്ട് ചുണ്ടനെലികൾ നാടു കാണാൻ ഇറങ്ങി. നടന്നുനടന്ന് അവർ ഒരു കുടിലിൽ എത്തി. അവിടെ ഒരു കുടത്തിൽ തൈര് വച്ചിട്ടുണ്ടായിരുന്നു. അവർ അറിയാതെ അതിൽ വീണു. ഒന്നാമത്തെ എലി കഠിന പരിശ്രമത്തിലൂടെ രക്ഷപെടാനായി തീരുമാനിച്ചു. രണ്ടാമകനാകട്ടെ, മുങ്ങി ച്ചാകാൻ തീരുമാനിച്ചു. ഒന്നാമൻ കാലും കൈയുമിട്ട് ചാടാൻ തുടങ്ങി. ഒന്നാമൻെറ തുടർച്ചയായ ചാട്ടം മൂലം തൈര് കടന്ന് വെണ്ണ അടിയാൻ തുടങ്ങി. തൈരിൽ പൊങ്ങിക്കിടന്ന വെണ്ണയിൽ കയറി അവർ രക്ഷപ്പെട്ടു. കുട്ടുകാരൻെറ കഠിനപരിശ്രമം മൂലമാണ് തനിക്കും രക്ഷപെടാനായത്. ആ മടിയൻ ചുണ്ടനെലി പിന്നീടൊരിക്കലും ഇതുപോലെ ചെയ്തിട്ടില്ല.

-------ഗുണപാഠം..കഠിനപരിശ്രമത്തിലൂടെ വിജയം നേടാം



## തോട്ടക്കാരനും മുയലും

ഹിദ നസ്റിൻ


II A

ഒരു ദിവസം ഒരു മുയൽ നാടു ചുറ്റിക്കാണാൻ ഇറങ്ങി. അപ്പോൾ അവൻ പറയാൻ തുടങ്ങി.എന്തു രസം! ഈ കാടു കാണാൻ! മരങ്ങളും , പൂക്കളും, പൂമ്പാറ്റകളും പക്ഷികളും മൃഗങ്ങളും എന്തു രസം! കുറച്ചുദൂരം നടന്നപ്പോൾ അവൻ ഒരു ക്യാരററ് തോട്ടം കണ്ടു. ഹായ്! ക്യാരററ്! അവൻ അങ്ങോട്ടോടി. അവൻ വയറുനിറയെ ക്യാരററ് കഴിച്ചു. തോട്ടക്കാരൻ വന്നു. "ആരാണ് എൻെറ ക്യാരററ് കഴിച്ചത്? അവനെ ഞാൻ പിടിക്കും... തോട്ടക്കാരൻ ഒരു കെണി വച്ചു.

പിറ്റേന്ന് പതിവുപോലെ അവൻ തോട്ടത്തിൽ എത്തി. തോട്ടക്കാരൻ കെണി വച്ചത് അറിയാതേ അവൻ ക്യാരററ് കഴിക്കാൻ നടന്നതും കെണിയിൽ വീണു. രക്ഷിക്കണേ !! രക്ഷിക്കണേ!! അവൻ നിലവിളിച്ചു. തോട്ടക്കാരൻ വന്നു. നീ എന്തിനാണ് ക്യാരറ്റ് മോഷ്ടിക്കുന്നത്? അപ്പോൾ മുയൽ കരഞ്ഞ് അപേക്ഷിച്ചു. ഇനി ഞാൻ ഒരിക്കലും മോഷ്ടിക്കില്ല. ദയ തോന്നിയ തോട്ടക്കാരൻ അവനെ വെറുതെ വിട്ടു.

## പൂച്ചക്കുട്ടിയും താറാവും

മിസ്ന. ഫാത്തിമ. എം.
II A



ഒരു ദിവസം ഒരു കുളത്തിൽ താറാവുകൾ നീന്തുകയായിരുന്നു.
അപ്പോഴാണ് ചിന്നു എന്ന പൂച്ചക്കുട്ടി അതിലേ വന്നത്. കുളത്തിൽ
താറാവുകൾ നീന്തുന്നത് കണ്ടപ്പോൾ ചിന്നുവിന് നീന്താൻ മോഹമുദിച്ചു. ചിന്നു താറാവുകുഞ്ഞിൻെറയടുത്ത് ചെന്നിട്ട് ചോദിച്ചു.എനിക്ക് ഒരാഗ്രഹമുണ്ട്. നീയതു സാധിച്ചുതരുമോ? എന്താണ് നിൻെറയാഗ്രഹം. പറഞ്ഞോളു, ഞാൻ സാധിച്ചുതരാം. എനിക്ക് നിന്നേപോലെ നീന്തണം. സാധ്യമല്ല. ങേ! അതെന്താ? നീ എന്നേപോലെയല്ല,ചിന്നു.അതുകാരണം നിനക്ക് നിന്താൻ പറ്റില്ല. നീ എനിക്ക് വാക്കു തന്നതല്ലേ.പിന്നെന്താ? ചിന്നു വാശി പിടിച്ചു. അവൻ സങ്കടം കൊണ്ട് വീട്ടിലേക്ക് ഓടി. മ്യാവൂ! മ്യാവൂ!!!



## നല്ലവൻ

ഫാരിസ.യാസ്മിൻ
VIII E

ഒരിടത്ത് ഒരു വീട്ടിൽ അമ്മയും അച്ഛനും ഒരു മകനും ജീവിച്ചിരുന്നു. മകന്റെ പേര് അനു എന്നായിരുന്നു. ഇതേ പോലെ അവരുടെ അയൽവാസിയുടെ പേര് രാമു എന്നായിരുന്നു. രാമു കുഴിമടിയനായിരുന്നു.എല്ലാവരേയും വഴക്ക് പറയും. അച്ഛനും അമ്മയും പറഞ്ഞാൽ ഒന്നും അനുസരിക്കില്ല.അനു സത് സ്വഭാവിയും നല്ലത് പറഞ്ഞുകൊടുക്കുന്നവളുമായിരുന്നു

അവധിക്കാലമായിരുന്നു. അവർ രണ്ടുപേരും കളിക്കാൻ പോയി. ഒരുപന്തും അവരുടെ കയ്യിൽ ഉണ്ടായിരുന്നു അവർ കളിച്ചുകൊണ്ടിരുന്നപ്പോൾ ഒരു വൃദ്ധ വന്നവരോട് ചോദിച്ചു...

വൃദ്ധ (ഇടറിയ ശബ്ദത്തിൽ) മക്കളെ നിങ്ങൾ എന്തു ചെയ്യുകയാണ്?
അനു: ഞങ്ങൾ കളിക്കുകയാണ്. അനുമറുപടി പറഞ്ഞു.
വൃദ്ധ : നിങ്ങൾ എന്ത് കളിക്കുകയാണ്? ഇത് കേട്ട രാമുവിന് ദേഷ്യം വന്നു. രാമു വൃദ്ധന്റെ അടുത്തേക്ക് ഓടിചെന്നിട്ട് ദേഷ്യത്തോടെ പറഞ്ഞു. “ഇതൊക്കെ നിങ്ങൾ എന്തിനാണ് അറിയുന്നത്" ? വൃദ്ധൻ ഉടൻ തന്നെ അവിടെനിന്നും പോയി. അനു രാമുവിനോട് ചോദിച്ചു: നീ എന്തിനാണ് അങ്ങനെ പറഞ്ഞത്? എനിക്ക് ഇഷ്ടമായില്ല അതുകൊണ്ട്.രാമു ദേഷ്യം കൊണ്ട് വിറച്ചു. നീ ദേഷ്യപ്പെട്ടിട്ട് കാര്യമില്ല. മുതിർന്നവരെ ബഹുമാനിക്കണം, അവരെ സ്നേഹിക്കണം. “നീ എന്നെ പഠിപ്പിക്കേണ്ട. നീ ടീച്ചറൊന്നും അല്ലല്ലോ?

രാമു വീണ്ടും ചൂടായി. ഇത് കേട്ട അനു അവിടെ നിന്നും പോയി.
രാമു വീട്ടിൽ പോയില്ല. അവൻ നടന്ന് നടന്ന് കാട്ടിലേക്ക് പോയി. രാത്രിയായി. കാടാകെ ഇരുട്ടുപരന്നപ്പോൾ അവൻ പേടിച്ച് കരയാൻ തുടങ്ങി. അവൻ ഒരു മരത്തിൻ ചവട്ടിൽ ഇരുന്ന് ഉറങ്ങി പോയി. രാവിലെ ഉണർന്നപ്പോൾ അവൻ എങ്ങനെയോ വീട്ടിലെത്തി. അവൻ അമ്മയേ കെട്ടിപിടിച്ച് കരഞ്ഞുകൊണ്ട് പറഞ്ഞു."എൻെറ ദേഷ്യമാണ് എല്ലാത്തിനും കാരണം.ഇനി ഞാൻ ആരോടും വഴക്കുണ്ടാക്കില്ല. മുതിർന്നവരെ ബഹുമാനിക്കും."ശരി മകനേ, ഇനി നീ പോയി കുളിച്ചിട്ട് വാ. അമ്മ പറഞ്ഞു. അവൻ അമ്മ പറഞ്ഞത് അനുസരിച്ചു. എന്നിട്ട് അനുവിൻെറ വിട്ടിലേക്ക് പോയി.സംഭവിച്ചതെല്ലാം അവളോട് പറഞ്ഞു.അനു അവനെ ആശ്വസിപ്പിച്ചു. ഇനി നമ്മൾ നല്ല സുഹൃത്തുക്കളായിരിക്കും.

## ഡോമിനിക്കിന്റെ വികൃതികൾ



**സുജാതകുമാരി.എം.കെ**

എച്ച്.എം

2010 ഫെബ്രുവരിയിലെ ഒരു ഉച്ചനേരം.ചൂടുകാലമായതിനാൽ ഉണങ്ങിവരണ്ടുകിടക്കുന്ന സ്കൂൾമുറ്റം. കുട്ടികളുടെ ഒരേയൊരു തണലായ വലിയ ചുണ്ടൻമാവും ചില്ലകളുണങ്ങി ഇലപൊഴിഞ്ഞ് നിൽക്കുന്നു. ഓഫീസ് മുറിയിൽ ഞാനും ഹെഡ്മിസ്ട്രസ് ശശികലടീച്ചറുമിരിപ്പുണ്ട്.ഉച്ചകഴിഞ്ഞ് ആദ്യപിരീഡ്.കുട്ടികളെല്ലാം ക്ലാസ്മുറിയിലാണ്."മുക്കാലാ...മുക്കാബലാ...ലൈലാ..."

വരാന്തയിലൂടെ ഒഴികിവന്ന പാട്ട് കേട്ടപ്പോഴേ മനസ്സിലായി ഡോമിനിക് പുറത്തിറങ്ങിയിരിക്കുന്നു.ശശികലടീച്ചർ ചോദ്യഭാവത്തിലെന്നെ നോക്കി.ടീച്ചർ ചാർജെടുത്തിട്ട് അധികനാളായിട്ടില്ല.

"ഡോമിനിക്കാണ് ടീച്ചർ"

ഡോമിനിക് അങ്ങനെയാണ്. സ്കൂളിന്റെ ചട്ടങ്ങളും നിയമങ്ങളുമൊന്നും

അവൻ കാര്യമായെടുക്കാറില്ല.തോന്നുമ്പോൾ ക്ലാസിൽ വരും. തോന്നുമ്പോൾ ഇറങ്ങിപ്പോകുംഏഴാം ക്ലാസിലാണെങ്കിലുംഎഴുതാനുംവായിക്കാനുമറിയില്ല.പഠിക്കാൻ താത്പര്യമേയില്ല.പാന്റ്സിന്റെ പോക്കറ്റിൽ കളിക്കാനുള്ള വകകൾ കാണും.ടീച്ചർ ബോർഡിലേക്ക് തിരിയുന്ന നേരം ക്ലാലിന്റെ നടുവിലേക്ക് ഒരു പന്തുരുണ്ട് വന്നിട്ടുണ്ടാകും.ഓർക്കാപ്പുറത്ത് ഒരു പൊട്ടാസ് പൊട്ടിച്ച് ക്ലാസിനെ ഒന്ന് പിടിച്ചുകുലുക്കും.

ഹെഡ്മിസ്റ്റർ വരാന്തയിലേക്കിറങ്ങി.കൂടെ ഞാനും.

"എവിടെപ്പോകുന്നു നീ?"

" ഓ! ഞാനിനി പഠിക്കുന്നില്ല."

"അതെന്താ?"

"പഠിച്ചിട്ടെന്ത് കാര്യത്തിനാ?"

" ഞാൻ ഏഴ് കൊല്ലായി ടീച്ചറെ ഇവിടെ പഠിക്കുകയാണ്.എനിക്കെഴുതാനും അറിയില്ല. പിന്നെന്തിനാ പഠിക്കണ്?ഞാൻ പോണ്."

അവനിറങ്ങിപോയി.ശശികലടീച്ചർ അന്തം വിട്ടുനിന്നു.ഓൾപ്രമോഷന്റെ ബലത്തിൽ ഡോമിനിക്കും അങ്ങനെ എന്റെ ക്ലാസായ ഒൻപത്-എയിൽ എത്തി.അപ്പോഴേക്കും അവൻ അക്ഷരങ്ങളൊക്കെ ഒരുവിധം പഠിച്ചിരുന്നു. ഏത് കുട്ടിയേയും നന്നാക്കിയെടുക്കാനാവും എന്ന അമിത ആത്മവിശ്വാസമോ,അഹങ്കാരമോ? ഞാൻ ഡോമിനിക്കിനെ ഏറ്റെടുത്തു. ക്ലാസിലെ മിടുക്കനായ ബ്ലസന്റെ അടുത്ത് ഡോമിനിക്കിന് ഇരിപ്പിടം കൊടുത്തു. ഒരുപാട് പ്രോത്സാഹിപ്പിച്ചു. ഏതായാലും അവൻ വൃത്തിയായി പൊതിഞ്ഞ കണക്ക് നോട്ട് പുസ്തകം ക്ലാസിൽ കൊണ്ടുവന്ന് തുടങ്ങി. ബ്ലസന്റെ നോട്ടു പുസ്തകം നോക്കി അതുപോലെ പകർത്തിയെഴുതാൻ

ഞാനവനെ ശീലിപ്പിച്ചു. കണക്ക് ക്ലാസിൽ ഡൊമിനിക് ശല്യക്കാരനായില്ല. അഭിനന്ദിക്കാനുള്ള ഒരവസരവും ഞാൻ പാഴാക്കിയില്ല. ക്ലാസ് പി.ടി എ.യിൽ ഡോമിനിക്കിന്റെ അമ്മ കണ്ണുനിറച്ചു. "എനിക്കിനി ഒന്നും വേണ്ട ടീച്ചറെ, ഈ സ്കൂളിലെ ഒരു ടീച്ചർ,അവനെക്കുറിച്ച് നല്ല വാക്കു പറഞ്ഞല്ലോ". അവരുടെ സന്തോഷം എന്റെ മനസ്സും നിറച്ചു. ഞാനവനേയും കൂട്ടി ശശികലടീച്ചറിന്റെ അടുത്തേക്ക് ചെന്നു. അഭിമാനത്തോടെ നോട്ടുപുസ്തകം കാണിച്ചുകൊടുത്തു. ടീച്ചർ അവനൊരു പേന സമ്മാനിച്ചു. പക്ഷേ,ഇതൊന്നും തന്നെ ബാധിക്കുന്ന പ്രശ്നമേയല്ലെന്ന മട്ടിൽ ഡോമിനിക് നിസ്സംഗനായി നിന്നു.

ഓണപ്പരീക്ഷ കഴിഞ്ഞു. ഡോമിനിക്കിന്റെ ഉത്തരക്കടലാസ് ഞാനാകാംക്ഷയോടെ നോക്കി. അത്ഭുതവും സന്തോഷവും അടക്കാനായില്ല. 80-ൽ 30 മാർക്ക്. ക്ലാസിൽ അവനെ വാനോളം പുകഴ്ത്തി.

ഡോമിനിക് പതിയെ ബഞ്ചിൽ നിന്നെഴുന്നേറ്റു. എന്നെ ഇങ്ങനെ വിഡ്ഢിയാക്കുന്നതിൽ അവനൽപ്പം കുറ്റബോധം തോന്നിയോ?

" ടീച്ചറെ...ഞാൻ നോക്കി എഴുതീതാ..."

ക്ലാസിൽ കൂട്ടച്ചിരി. തോൽക്കാൻ എനിക്ക് മനസ്സില്ലായിരുന്നു. പരീക്ഷക്ക് നിമിതികളുടെ മൂന്ന് ചോദ്യങ്ങളുണ്ടായിരുന്നു. അവ മൂന്നും, വളരെ കൃത്യമായി അവൻ വരച്ചിട്ടുണ്ട്.

" സാരമില്ല...നീ വരക്കാനെങ്കിലും പഠിച്ചല്ലോ."

"ഞാനൊന്നും വരച്ചില്ല. എന്റെ പേപ്പറിൽ ബ്ലസൻ വരച്ചതാ"

കാൽക്കീഴിലെ മണ്ണൊലിച്ചുപോയോ.

എന്റെ നിസഹായത കണ്ടിട്ടാവാം കുട്ടികൾ മൗനികളായി. "ടീച്ചറെ...വരച്ചുകൊടുത്തില്ലേല് ഇടിക്കുംന്ന് പറഞ്ഞിട്ടാ."

[2] ബ്ലസൻ സങ്കടത്തോടെ എന്നെ നോക്കി.

2 മാതൃഭൂമി ആഴ്ചപ്പതിപ്പിലെ "ചോക്കുപൊടി" യിൽ പ്രസിദ്ധീകരിച്ച അനുഭവകുറിപ്പിൽ നിന്ന്.

## എന്റെ വിദ്യാലയം (ഓർമ്മക്കുറിപ്പ്)



**കവിത.കുമാരി.ജി**

അദ്ധ്യാപിക

പൂവിനോടും പൂമ്പാറ്റയോടും കുശലം ചൊല്ലി അമ്മയുടെ സാരിത്തുമ്പിൽ മുഖമൊളിപ്പിച്ച് തെല്ലാശങ്കയോടും പരിഭവത്തോടും കൂടി കടന്നു വന്നു ഞാനെൻ ആദ്യ വിദ്യാലയത്തിൽ പടിവാതിൽക്കൽ. കളങ്കമറ്റ മനസ്സുകളുടെ തേങ്ങലുകളും അമ്മ മനസ്സുകളുടെ സ്വാന്തന വാക്കുകളും.......ഒന്നും ഒന്നും ഉരിയാടാനാവാതെ .... നിന്നുപോയി.ഞാനെന്റെയീ.....കൊച്ചുവിദ്യാലയത്തിന്നങ്കണത്തിൽ. ഏതോ വിരൽസ്പർശം.....ആവാം...എന്റാദ്യഗുരുവിന്റെ സ്നേഹസ്പർശം....

ആ തണലിൽ ഉറ്റചങ്ങാതിമാരോടൊപ്പം ഇണങ്ങിയും പിണങ്ങിയും വർഷങ്ങൾ പോയതറിഞ്ഞില്ല ഞാന് എന്റെ ഗുരുവിന്റെ ചുണ്ടുകളിൽ നിന്നടർന്നു വീണ വരികൾക്കായിരുന്നോ..... അതോ....ആ വരികൾക്ക് ഈണം പകർന്ന് എൻ ഹൃദയ മിടിപ്പിന്റെ താളം നിയന്ത്രിച്ച എൻറമ്മയുടെ മധുരമേറും സ്വരത്തിനായിരുന്നോ ഏറെ പ്രിയം

ഉദയാസ്തമയങ്ങൾ മാറ്റമില്ലാതെ തുടർന്നപ്പോൾ കാലം അതിന്റെ കരവലയത്തിലൊതുക്കി ഓരോ

ജ്ജീവിതത്തേയും .ജ്ജീവിതയാത്രയിലെപ്പോഴോ വീണ്ടുംഞാനും മെത്തി മാറിയ വേഷത്തിൽ എന്റെ യീ പഴയ വിദ്യാലയത്തിൽ

പ്രകൃതിയുടെ ഇളംതണുപ്പ് ആവോളം ആസ്വദിച്ച എന്റെ യീ വിദ്യാലയത്തിന് നഷ്ടമായത് പാറിപ്പറന്നു നടന്നിരുന്ന ചിത്രശലഭങ്ങളും സൂര്യകിരണമേൽക്കാതെ ഓരോ ബാല്യത്തേയും തന്റെ കൈക്കുമ്പിളിലൊതുക്കി നിറപുഞ്ചിരിയോടെ നിന്നിരുന്ന ഓരോ തണൽ മരങ്ങളു മാണ്

ഗുരുവിന്റെ കുപ്പായമണിഞ്ഞ് പഴയ ക്ലാസ് മുറികളിലേയ്ക്ക് ചെന്ന എന്നെ ഏറെ ആകർഷിച്ചത് വന്നു പോകുന്ന ഓരോ ബാല്യത്തേയും ഇരുകൈകളും നീട്ടി സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഇരിപ്പിടങ്ങളാണ്.

നിമിഷ നേരങ്ങൾ കൊണ്ട് ഞാനറിഞ്ഞു ബാല്യത്തിന് മാറ്റമില്ല... മരണമില്ല. ഉറവവറ്റാത്ത സ്നേഹം കടലായിരമ്പി ഓരോ ഹൃദയത്തിലും വൻതിരകൾ ഉണ്ടാക്കാൻ സാധിക്കുന്നു നമ്മുടെയീ കൊച്ചു കുരുന്നുകൾക്ക്. കൊച്ചു കൊച്ചു തമാശകളും പിണക്കങ്ങളും പരിഭവങ്ങളും എത്ര രസകരമായ നിമിഷങ്ങളാണ് നമുക്ക് മുൻപിൽ നമ്മുടെ കുരുന്നുകൾ വിളമ്പുന്നത്.ഒരുപാട് സ്നേഹിക്കുന്നു ഞാനെന്റെ യീ വിദ്യാലയത്തെ.

നമ്മുടെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ... നൊന്തുപ്രസവിച്ച നമ്മുടെ സ്വന്തം മക്കൾ മാത്രമല്ല നമുക്ക് മുൻപിൽ... ആവോളം സ്നേഹം നൽകി ഉദയം മുതൽ അസ്തമയം വരെ നമ്മൾ അരികിൽ ചെർത്തു നിർത്തുന്ന ഓരോ കുരുന്നുകളും കൂടിയുണ്ടാവും. വലിയ ഒരനുഗ്രഹമല്ലേ... ഈശ്വരൻ.... കനിഞ്ഞു നൽകിയ ഈ....വരദാനം.[3]

3 മണ്ണഞ്ചേരി സ്കൂളിലെ പൂർവ്വ വിദ്യാർഥിയും സ്കൂളിലെ അദ്ധ്യാപികയുമാണ്.

# സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ

കാവേരി. രാജേഷ്

X F

സ്ത്രീകൾ " സമൂഹത്തിൻെറ നിലവിളക്കുകൾ" എന്ന് അഭിപ്രായപ്പെടുന്ന ലോകമാണു നമുക്കുള്ളത്. എന്നാൽ ഇതേ വിളക്കുകൾ അണയപ്പെടുന്ന സന്ദർഭങ്ങളുമുണ്ട് എന്ന വസ്തുത നാം സ്വീകരിക്കാറില്ല. സ്ത്രീ എന്ന ഒറ്റ പ്രത്യകത കൊണ്ട് മാത്രം അവഗണിക്കപ്പെടുകയും ചെയ്യുന്ന ജനതയായി സ്ത്രീസമൂഹം അറിയപ്പെടാറുണ്ട്.

വെറും ഒരു പെണ്ണ് എന്ന നിലയിൽ ജോലികളിൽ നിന്ന് പിന്തിരിയപ്പെടുകയും വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയും ചെയ്തിരുന്ന ഒരു കാലഘട്ടം നമുക്കു മുന്നിൽ പ്രത്യക്ഷമായിരുന്നു.ചെയ്തിരുന്ന ജോലികളിൽ ശോഭിക്കാനുള്ള അവസരവും തുല്യ വേതനവും നിഷേധിക്കപ്പെട്ടിരുന്ന കാലവും ഉണ്ടായിരുന്നു. അധ്യാപികയാവണം, ഡോക്ടറാവണം, എന്നൊക്കെ അഗ്നിജ്വാലകളായി മനസ്സിൽ സൂക്ഷിക്കപ്പെട്ടിരുന്ന ഇവരുടെ ആ ജ്വാലകളെ കെടുത്തിക്കളയുകയായിരുന്നു ചെയ്തത്. ദൈവത്തിൻെറ മാലാഖമാർ എന്ന ബഹുമതിയിൽ സ്വന്തം ജീവനും ജീവിതവും പണയം വെച്ച് ജീവിതത്തെ വെല്ലുവിളിയായി കാണുന്ന നഴ്സുമാരുടെ

ദുരവസ്ഥ എന്നെങ്കിലും  തിരിച്ചറിയാറുണ്ടോ ? നിഷേധിക്കപ്പെടുന്ന അവകാശങ്ങളെ തിരിച്ചുപിടിക്കാനുള്ള മുന്നേറ്റമാണ് സ്ത്രീകളിൽ നാം കാണുന്നത് കുടുംബബന്ധങ്ങളുടേയും ഉത്തരവാദിത്ത്വത്തിൻെറയും മറവിൽ സ്വപ്നങ്ങളെ ഊതിപ്പറപ്പിക്കുന്ന സ്ത്രീകളുടെ അവസ്ഥ ഏതുരീതിയിൽ ആവിഷ്ക്കരിക്കാൻ കഴിയും?

വിവാഹം കഴിക്കാൻ തയ്യാറായിരിക്കുന്ന പെൺകുട്ടികളെ ബാധിക്കുന്ന ഒരു വലിയ പ്രശ്നമാണല്ലോ സ്ത്രീധനം. സ്ത്രീയ്ക്കു ധനം വാങ്ങുന്ന ഈ ഏർപ്പാടിനെ ബഹുമാനപ്പെട്ട നീതിപീഠം എതിർത്തിരുന്നു. പത്തുപവനിലധികം സ്വർണ്ണം സ്ത്രീധനമായ് വാങ്ങരുതെന്നും അങ്ങനെ ചെയ്യുകയാണെങ്കിൽ പിഴ ഈടാക്കുന്ന കോടതിസമ്പ്രദായം ഇപ്പോഴും അതേപടി നടക്കുന്നുണ്ടോ എന്ന സംശയം വലുതാണ്. ചോദിച്ച സ്ത്രീധനം മുഴുവനും നൽകിയില്ല എന്നതിൻെറ പേരിൽ വിവാഹബന്ധം വേർപിരിയേണ്ടി വരുന്നവരുടേയും ഭർതൃവീട്ടുകാരുടെ ക്രൂരപീഢനങ്ങളേറ്റ് കൊലചെയ്യപ്പെട്ടവരുടെ സഹനശക്തി നഷ്ടപ്പെട്ട് ആത്മഹത്യചെയ്തവരുടേയും നിരക്ക് വർധിക്കാറുണ്ട്.സ്ത്രീധനനിയമം ഇല്ലാതാക്കിയ എത്രയോ സ്ത്രീകളുടെ  ജീവനും ജീവിതവും സ്വപ്നങ്ങളും നമുക്കു മുന്നിൽ തെളിയാറുണ്ട്. സ്ത്രീകളുടെ ക്ഷമയും ഭൂമിയോളം സഹനശക്തിയുള്ളവൾ എന്ന പേരും ദൗർബല്യമായി മാറുന്നത് ഇത്തരം സാഹചര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നു. സ്വന്തം ജീവിതത്തിൽ സ്വന്തം അഭിപ്രായങ്ങളും  ആശയങ്ങളും അംഗീകരിക്ക-പ്പെടാത്ത സ്ത്രീകളുടെ ജീവിതം ദുഷ്ക്കരമാണ്.

രാത്രികാലങ്ങളിൽ പൊതുനിരത്തുകളിൽ സ്വതന്ത്രമായി നടക്കാനുള്ള അവകാശം സ്ത്രീകൾക്ക് ഈ നിമിഷം വരെയും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. സ്വന്തം ശരീരത്തിനും മാനത്തിനും വിലയിടപ്പെട്ടിരിക്കുന്ന അവൾക്ക്, ബലമായി ചൂഷണം നേരിടേണ്ടിവരുന്നു. ഇത്തരത്തിൽ ശാരീരികമായിട്ടുള്ള ചൂഷണങ്ങൾ

നേരിടുവാൻ  അവർ നേരിടുവാൻ അവർ എത്രത്തോളം പ്രയത്നിക്കണം? സ്വന്തം  മാനത്തിനും, ജീവിതത്തിനും ഹാനിയായി ഭവിക്കുവാൻ കാരണക്കാരാകുന്നവർക്കെതിരെ പോരാടാൻ ഇവൾ എത്രത്തോളം കഷ്ടപ്പെടണം? മാനഹാനിയിൽ ഭയന്ന് ആത്മഹത്യ ചെയ്യുന്നവരും പുറംലോകത്തേക്ക് വെളിപ്പെടുത്താൻ കഴിയാതെ സഹിക്കുകയും ചെയ്യുന്നവരുണ്ട്. ഇവരുടെ ദുഃഖങ്ങൾ ആഴത്തിൽ മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്തു സുരക്ഷയാണ് സ്ത്രീകൾക്ക് നമ്മൾ ഓരോരുത്തരും വാഗ്ദാനം ചെയ്യുന്നത്? എല്ലാവരാലും അവഗണിക്കപ്പെട്ട, ചൂഷണം ചെയ്യപ്പെട്ട, മറ്റുസ്ഥലങ്ങളിലേക്ക് കടത്തപ്പെടുകയും ചെയ്യുന്ന സ്ത്രീകളുടെ മാനത്തിൻെറ വില എങ്ങനെ മനസ്സിലാക്കും?

ഇന്നു സ്ത്രീകൾ അതിജീവനത്തിൻെറ പാതയിലാണ്. സ്വയം പ്രതിരോധവും സ്വയം സുരക്ഷയും ശീലിച്ച് കൂടുതൽ ഊർജശാലികളായി മാറുവാനും തെറ്റുകളെ എതിർത്ത് സ്വന്തം അവകാശങ്ങൾ നേടിയെടുക്കുവാൻ പരിശ്രമിച്ച് വിജയകിരീടം ചൂടുന്ന സ്ത്രീകൾ ഇതിനുദാഹരണമാണ്. സ്ത്രീശാക്തീകരണം ശക്തമാകുന്ന കാലഘട്ടവും അതിനനുസൃതമായി പ്രവർത്തിക്കുന്ന സ്ത്രീജനതയേയും നമുക്ക് കാണാം. പല പല മേഖലകളിൽ ശോഭിച്ച് പല അനീതികൾക്കെതിരേയും ശബ്ദമുയർത്തി ഉയരങ്ങളിലേക്ക് പറന്നുയരുന്ന സ്ത്രീകളെ അനുമോദിക്കേണ്ടത് അനിവാര്യമാണ്. ഇത്തരത്തിൽ വെല്ലുവിളികളെ അതിജീവിച്ച് സ്വന്തം ഇഷ്ടത്തിനും വ്യക്തിപരമായ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന സ്ത്രീസമൂഹം വെല്ലുവിളികൾ അതിജീവിച്ച് മുന്നേറുകയും ഉയരങ്ങൾ കീഴടക്കുകയും ചെയ്യും എന്ന കാര്യത്തിൽ സംശയം ഇല്ലാതെ വെളിപ്പെടുകയാണിവിടെ.



ജി.എച്ച്.എസ്.മണ്ണഞ്ചേരി

# ട്രാൻസ്ഫർ



**സരസ്വതി.**

യു.പി.അധ്യാപിക

മഴക്കാലമായിരുന്നെങ്കിലും അപ്പോൾ മഴയുണ്ടായിരുന്നില്ല. അകലെ കടലിൻെറ ഇരമ്പം. വെടിക്കോപ്പുശാലക്ക്ആരാണ് ബോംബിട്ടത്? ജാലകത്തിനപ്പുറത്തെ മൈതാനത്തിലേക്കും അതിന പ്പുറത്തെഅമ്പലക്കുളത്തിലേക്കും അതിൻെറ നിഗൂഢതകളിലേക്കും നോക്കി ഞാൻ അമ്പരന്നു.

ഓർമ്മവച്ചനാൾ മുതൽ അധ്യാപികയാകുവാൻ കൊതിച്ചിരുന്നു. അതിനായി പാതിവഴിക്ക് പഠിത്തവും ഉപേക്ഷിച്ചു. തൊട്ടടുത്ത സ്കൂളിൽ വേക്കൻസി ഉണ്ടെന്നറിഞ്ഞപ്പോൾ ഒന്നുശ്രമിക്കാമെന്നു കരുതി. വളരെ തളർന്നമട്ടിലാണ് ഞാൻ ആ റിലീവിംഗ് ഓർഡർ കൈപ്പറ്റിയത്. എത്ര മനസ്സിരുത്തി പരിശ്രമിച്ചെങ്കിലും തൻെറ മുഖത്ത് പ്രസന്നതയും സന്തോഷവും ചന്തവും വരുത്തുവാൻ കഴിയാതെയായി. ആ കുട്ടികൾ എന്നിലുണ്ടാക്കിയ സ്വാധിനം വളരെ നലുതായിരുന്നു.

അവരുടെ മനസ്സിൽ ഞാനുണ്ടാക്കിയ വേദനക്ക് ഏത് ഗംഗാതീർത്ഥത്തിലാണ് മുങ്ങേണ്ടത്? പരീക്ഷാക്കാലം കഴിഞ്ഞ എൻെറ രാത്രിയുടെ ഉറക്കമില്ലായ്മയിൽ ഫോൺ ബെല്ലും കിളി

കോഞ്ചലും വീണ്ടും മുഴങ്ങുകയായി. ഇത് എന്റെ രാത്രികളെ
പകലാക്കി മാറ്റി. നമ്മുടെ ദുഃഖത്തേക്കാൾ വലിയ ദുഃഖം നമുക്ക്
സാന്ത്വനമാകുമോ? ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളാണ് എനിക്ക്
ആശ്വാസമേകിയത്. അങ്ങ് ആകാശനീലിമകൾക്കപ്പുറത്ത് എത്തിയി
ട്ടും താഴെ പഞ്ഞിക്കെട്ടുകൾ കണക്ക് മൂടിക്കിടക്കുന്ന മേഘപടലങ്ങൾ
ക്കോപ്പം എന്റെ സ്വപ്നവും ഇല്ലാതെയാകുന്നു.

കരഞ്ഞുതീർത്ത കുട്ടിയുടെ കൺപോളകളുടെ തടിപ്പും
ദൈന്യതയും ചുണ്ടിന്റെ വിതുമ്പലും എന്നെ പിൻതുടരുന്നുവോ?

ഉടൻ ഫോൺ ബെല്ലടിച്ചു. കേട്ടകിളികൊഞ്ചൽ മറുതലക്കൽ
സബിതയാണെന്ന് ഊഹിച്ചു. കുട്ടികളുമായുള്ള ഫോൺസംഭാഷണം
അവസാനിപ്പിച്ചുകഴിഞ്ഞാൽ പൂർവ്വാധികം മൂഡോഫിലായിരിക്കും
ടീച്ചറുടെ അവസ്ഥയെന്ന് അവർക്കറിയാം.

കിടക്കവിരിക്കുന്നതിനിടയിൽ പല പ്രാവശ്യം പിറുപിറുത്തു.
വാതിൽ വലിച്ച് കൊട്ടിയടച്ചു. ആരോടൊക്കെയോ ഉള്ള ദേഷ്യം പോലെ ആകെ
തുള്ളിവിറച്ചുകിടന്നു. വേനൽക്കാലരാത്രികൾപോലെ

കരയിൽ പിടിച്ചിട്ട മീൻപോലെ അങ്ങോട്ടും ഇങ്ങോട്ടും
ഞെളിപിരികൊണ്ടു. ദിവസങ്ങളായി മടിച്ചുനിന്ന മഴ അപ്പോൾ പൂർവ്വാധികം
ശക്തിയോടെ പെയ്യാൻ തുടങ്ങി.

# ഒരു നിലാപ്പാട്ടിന്റെ ഓർമയ്ക്ക്



സീന സുനിൽ

എസ്.എസ്.അധ്യാപിക

പുതിയ സ്കൂളിലേക്കുള്ള സ്ഥലംമാറ്റം അത്രയൊന്നും സന്തോഷത്തോടെയല്ല, ഞാൻ സ്വീകരിച്ചത്. എന്നും യാത്രകൾ ഹരമായിരുന്നഎനിക്ക് ദിവസവും നഷ്ടപ്പെടുന്ന ട്രയിൻ യാത്രകളെക്കുറിച്ച് നഷ്ടമാകുന്ന സുഹൃത്തുക്കളെക്കുറിച്ചുമൊക്കെ വല്ലാത്തൊരു സങ്കടം ഉണ്ടായിരുന്നുതാനും. അക്കാദമിക വർഷത്തിന്റെ ഏതാണ്ട് അവസാനഘട്ടത്തിലാണ് ഞാൻ പുതിയ സ്കൂളിൽ ജോയിൻ ചെയ്തത്. സ്കൂളിനെക്കുറിച്ചും കുട്ടികളെക്കുറിച്ചുമൊന്നും അധികം മനസ്സിലാക്കാൻ സാധിച്ചില്ല. അടുത്ത അധ്യയന വർഷമായപ്പോഴേയ്ക്കും ഒരു 8-ാം ക്ലാസിന്റെ ചാർജ്ജ് കിട്ടി.കഴിഞ്ഞ വർഷം, ദേശിയഗാനത്തിനുള്ള മണിമുഴുങ്ങിയപ്പോൾ,പുസ്തകവുമെടുത്ത് വീട്ടിലേക്കോടിയ കുട്ടികളാണേ, ശ്രദ്ധിക്കണം;അൽപം കുസൃതികളാണ് ശ്രദ്ധിക്കണം എന്നൊക്കെ കേട്ടു.കുറച്ച് ദിവസങ്ങൾ കൊണ്ടുതന്നെ അവരെ കൈയ്യിലെടുക്കുവാൻ എനിക്ക് സാധിച്ചു.എങ്കിലും ഉച്ചഭക്ഷണം കഴിക്കാനുള്ള പലരുടേയും മടികാരണം എല്ലാ ദിവസവും ഉച്ചയ്ക്ക് അവർ ഭക്ഷണം കഴിക്കാൻ തുടങ്ങിയിട്ടെ ഞാൻ ക്ലാസിൽ നിന്ന് പോരുമായിരുന്നുള്ളു.

അതിനിടയിലാണ് എപ്പോഴും ആബ്സന്റ് ആവുന്നനാദിറയെ ഞാൻ ശ്രദ്ധിക്കുന്നത്."നാദിറയെന്ത ഇങ്ങനെ ? എപ്പോഴും ആബ്സന്റാണല്ലോ. കാരണം എന്താണ്?"

"അവളുടെ ഉമ്മിക്ക് സുഖമില്ല ടീച്ചർ"

വൈകിട്ട് അവളുടെ വീട്ടിലേയ്ക്കുവിളിക്കണം എന്നുകരുതിയാണ് ഞാൻ വീട്ടിലേക്ക് പോന്നത്.പക്ഷേ,കഴിഞ്ഞില്ല. പിറ്റേദിവസം ഉച്ചയ്ക്ക് എന്തോ അത്യാവശ്യജോലി ഉണ്ടായിരുന്നതിനാൽ ഞാൻ നേരത്തേ ഊണുകഴിച്ചു.ജോലി ചെയ്തിട്ട് ക്ലാസിലെത്തി. ഉച്ചയ്ക്ക് ഇന്റർവെല്ലായതിനാൽ ആകെ ബഹളമയം.എന്റെ ക്ലാസിന്റെ വെളിയിലൊന്നും ആരേയും കാണുന്നില്ല. ഞാൻ വേഗം ക്ലാസിലേയ്ക്കുചെന്നു.ക്ലാസിലുണ്ടായിരുന്ന 48 കുട്ടികളും നിശബ്ദരായി,അവരവരുടെ സീറ്റുകളിൽ ഇരിക്കുന്ന കാഴ്ച എനിക്ക് വിശ്വസിക്കാനായില്ല.ക്ലാസിലെ ആൺക്കുട്ടികൾ ഉച്ചയ്ക്ക് പ്ലേഗ്രൗണ്ടിലേക്ക്

പോക്കുന്നവരാണ്."ങാഹാ,ഇന്നെന്തുപറ്റി? എല്ലാവരും ഭക്ഷണം കഴിച്ചോ? കഴിക്കാത്തവരാരെങ്കിലും ഉണ്ടോ?

" ടീച്ചർ,ഞങ്ങൾക്കെല്ലാവർക്കും നോമ്പാണ്."

"നോമ്പോ? എല്ലാവർക്കുമോ?" ക്ലാസിൽ പകുതിയിലധികം കുട്ടികൾമറ്റൊരു മതവിഭാഗത്തിൽപ്പെട്ടവരായിരുന്നു.

ക്ലാസ് ലീഡർ അനുപ്രിയയാണ് മറുപടി പറഞ്ഞത്.

"ടീച്ചർ,നാദിറയുടെ ഉമ്മിയ്ക്ക് അൽപം സീരിയസാണെന്ന് പറയുന്നു. അതുകൊണ്ട് ഞങ്ങളെല്ലാവരും കൂടിച്ചേർന്ന് ഉമ്മിക്ക് വേണ്ടി നോമ്പെടുത്തു."

ഒരു നിമിഷം,എന്റെ കണ്ണുനിറഞ്ഞൊഴുകി.എന്നായിരുന്നു മനസ്സിലെ ചിന്തകൾ എന്ന് എനിക്ക് തന്നെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല.സങ്കടമാണോ,സന്തോഷമാമോ,അത്ഭുതമാണോ? ഇപ്പോഴും അറിയില്ല.

"നിങ്ങൾ എന്നോട് പറയാതിരുന്നത് എന്താണ്?

ഞാനും നോമ്പെടുക്കുമായിരുന്നല്ലോ?"

"അയ്യോ വേണ്ട ടീച്ചർ,ടീച്ചറിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ അത് പാടില്ല.അതുകൊണ്ടാണ് ഞങ്ങൾ പറയാതിരുന്നത്."

കുസൃതികളെന്ന് കരുതിയിരുന്ന എന്റെ ആൺക്കുട്ടികൾ ഉൾപ്പെടേ മുഴുവൻപ്പേരും നോമ്പെടുത് പ്രാർത്തിക്കുന്ന കാഴ്ച ഇന്നും എന്റെ മനസ്സിനെ കരയിക്കുന്നു.

"നിങ്ങൾ വിഷനിക്കേണ്ട,അവളുടെ ഉമ്മിക്ക് അസുഖമെല്ലാം മാറും.നമുക്കെല്ലാവർക്കും വീണ്ടും വീണ്ടും പ്രാർത്തിക്കാം.എല്ലാവരുടേയും പ്രാർത്തന ഈശ്വരൻ കേൾക്കും."ഞാൻ അവരെ ആശ്വസിപ്പിച്ചു.

പക്ഷെ, ഞങ്ങളുടെ പ്രാർത്തനകൾക്ക് കാത്തു നിൽകാതെ ആ നിലാപ്പാട് മാഞ്ഞുപ്പോയി. മതസൗഹാർദ്ധത്തിന്റെ നിറദീപങ്ങൾ നിറഞ്ഞുനിന്നിരുന്ന അവരുടെ മനസ്സിനെ കെടാവിളക്കാക്കാൻ ഞങ്ങൾ സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ നെയ്യ് ഒഴിച്ചുകൊണ്ടേയിരുന്നു.



# തത്തമ്മ

തത്തേ തത്തേ തത്തമ്മേ
പാറിനടക്കും തത്തമ്മേ
കൊത്തികൊത്തി തിന്നാട്ടെ
അരിമണി കൊത്തി തിന്നാട്ടെ
അമ്മ വരുന്നതിനും മുമ്പെ
വേഗം വയറ് നിറച്ചാട്ടെ
പാറിപ്പോകും നേരത്ത്
നന്ദി പറഞ്ഞ് പോയാട്ടെ.

-നജ്മ ഫാത്തിമ

ജി.എച്ച്.എസ്.മണ്ണഞ്ചേരി

# ENGLISH SECTION



# The path to Solitude



**Asiya Fyroos**
IX D

When I am alone, I can hear the voice of mine
When I am together, I can only hear
the voice of united
When I am alone, my thoughts haunts me.
When I am together, my thoughts forgets me
When I am alone, my past twinkles around
me like a star
When I am together, the stars of my past
fades
When I am alone, I can feel the bad side
of the good ones
When I am together, I can feel the good side
of the bad ones
When I am alone, I can see the fire of
my words
When I am together, I can see the frost
of my words
When I am alone, I can touch the wings
of mine

# KERALA FLOOD 2018



**Gouri. Krishna. M.P.**

X F

The most disastrous event that took place in Kerala in the 21st century was the flood 2018. It was an unexpected calamity for the keralites. All the wealth, houses,animals,and even the dear and near ones disappeared as a dream, not a nightmare. Water became a killer, lacks of people lost everything and was compelled to leave their houses. It destroyed their dreams,their happiness,their lives.

The people have no idea to do in such a dreadful situation. The richest people who lived a luxurious life cried for a safe place. Their grand houses were of no use. A large number of people including the common and rich people were trapped in their rooftops without an outside connection. At last, they were saved by a team of saviours,the fishermen and our Navy Officers. Lacks of people were saved because of their efficiency and helping mind. Even though their family was suffering from the same danger,they were ready to give their life for Kerala. People stood together to overcome the crisis forgetting their differences humiliations and enmity had no place in their minds. There was no rich or

poor, no common or luxurious people, there was only one,"human”. The only feeling in mind were mercy,tolerance,and humanity. The fear of death lied everyone in one thread. The people who were saved went to camps which were arranged in schools and other institutions. Many people came forward to help
the needy and the fishermen and Navy were ready to risk their own life to save the people. It was a notable example for humanity.

The reason for the flood was defined in many ways. In between this crisis the political leaders found it as a fault of the government that the people were not given a warning that the dams were going to open. Anyway, the common people defined it as a warning of God Almighty to remind us that making wealth is not the only aim of life. The flood remained in Kerala for almost a month. The situation was more difficult after the flood was over. The people were heartbroken to see their

belongings were lost. The government took a decision to overcome this problem and gave helping hands.

Although the flood was a disaster, it gave us a lesson of mercy, a lesson of humanity. People understood that life has to be of values, not wealth. They studied to live in limited living condition and studied to co-operate each other in adverse situation. Let it not be the end. Let it be the beginning of a new life of humanity.

# Mask

The world of reality
Is in utter darkness

**You hide yourself**

Under a 'Mask'.
It may bring,
A face you desired

But,Beware!
The moment you put it on;
You lose a part of yourself
Let me ask one thing
Have you ever met,
A fair skinned Mask
With a 'Dirty Darkened Heart'?

Because, it is there;
More in number
Here, there
Everywhere around you
'People wearing mask',
Let them live:
As they like



**Alfia.**
Teacher



Hey! 'Maskless poor souls',
Bid them adiev unless,
They may destroy you
Every mask vanishes, oneday,
Into thin air revealing-
A murky, tricky human face!!!

# Stormy Night

Amina Afsal

IX



Once in a stormy night
I stood like a Frozen wood,
The trees shake its head
It felt to me as it is
Dancing in the chilled snow
Its time to go to the bed
At last I take a deep breath
I saw the clouds;
And they want to say something,
A few minutes later, there comes
A vigorous rain with storm;
I've understood, what the clouds
Wants to convey me
Suddenly there comes a harsh thunder,
With lightning as a silver-flash.
The rustling of leaves hear in my ears,
And twinkling of stars shine in my eyes,
The blowing wind touches my heart,
And spread out the fragrance of kindness
Its time to move to dreamy hopes
On the hands of a stormy night.

# हिंदी विभाग



# मेरा सुन्दर गाँव


गौरी कृष्णा.ए.पी.
X F
मेरा सुन्दर गाँव।
निर्मल वायु भरा, निर्मल हरियाली भरी,
मेरा प्यारा गाँव।
पेड़-पौधों से भरा, शुद्घ पानी से भरा,
मेरा छोटा गाँव।
शीतल हवा से भरा, भले लोगों से भरा,
मेरा सुन्दर ग
आलिया. ए
VII D

# मेरा गाँव







आलिया.ए

**VII D**

# अकेलापन



एक बारिश का दिन था। आलीस अपने **मित्रों के** साथ घर के बाहर खड़ी थी। वह **मित्रों** को कहानी सुना रही थी।

उसने कहा**-**`वह लड़की को बहुत अकेलापन लगा'।

उसके मि**त्रों** अनु ने पूछा**-**`आलीस यह अकेलापन क्या है`**?** अकेलापन एक अवस्था **है।** उसने जवाब दिया।

आलीस मन में सोचा कि**"** मैं अकेला नहीं हूँ न**"?** **"** मैं यह

नहीं जानती**"**। **"** वह इतना दुखी है**"**। अनु ने कहा। **"**हाँ**"** **"** सच में**"**

**"**मैं सोचता हूँ कि अनाथों की अवस्था क्या होगा**"?** आलीस

हँसकर बोला **"**मैं क्यों सोचूँ **?** **"** मैं अनाथ नहीं हूँ न **?** उसी समय अनु और बाकी बच्चों को ले जानेकेलिए घरवाले आए। सभी अपने अपने घर गये।


कुछ दिनों के बाद बच्चे स्कूल में थे। उसी समय आलीस

को लेकर जाने केलिए उसके पडोसी आए। अध्यापिका जी ने अनुताप के साथ उसे जाने दिया। घर पहूँचने पर आलीस ने देखा कि घर के बाहर लोगों की एक भीड़ खडी थी, जिनके चेहरे उदास है। अंदर आकर देखा तो उनकी होश उठ गयी। वहाँ उनके माँ-बाप के शवशरीर रखा था।

बस दुर्खटना हुई थी ।

आलीस अब अनाथ हो गयी। उसके साथ कोई नहीं

थी। उसी समय उसके मन उससे कहने लगा--यही-यही अकेलापन है। उनके घर के दीवार, मेज़,कुर्सियाँ, वहाँ के एक एक कण उनसे कहने लगा-" ये अकेलापन है। "



गौरी कृष्णा

4 X F

4 अकेलापन ഏകാന്തത, दुर्खटना അപകടം

एम.फिल(हिंदी) उपाधि हेतु प्रस्तुत लघु शोध निबंध का एक अंश



षीला.एन.वी

बी. एड, एमफिल

साहित्य ज्ञान एवं संवेदना की निरंतर बहती धारा है। लोक से प्राप्त अनुभव साहित्य का कच्चा माल होते है। इसको लेखक अपनी प्रतिभा के सहारे नए रूप प्रदान करते है। नए रुप प्रदान करने की प्रक्रिया में कल्पना का विशेष महत्व है। रूप प्रदान करनेवाला तो लेखक होता है, लेकिन यह समाज से जुडी रहती है। समाज की व्यापकता और जटिलता का प्रभाव साहित्य पर देखा जा सकता है। अतः साहित्य और समाज एक दूसरे का पूरक है।

रचनाकार अपनी रुचि  अपनी प्रक्रति, विषयवस्तु की आवश्यकता इत्यादि के अनुसार अपने अनुभवों को व्यक्त करने केलिए साहित्य की विधाओं का चयन करता है। हिंदी साहित्य में कथेतर गध्यविघाओं का विकास आधुनिक काल में ही हुआ है। कथेतर वर्ग के अंतर्गत आत्मकथा, जीवनी, संस्मरण,

रेखाचित्र, डायरी आदि आते हैं।

आत्मकथा में आत्मकथाकार अपनी खट्टी- मीठी अनुभवों को, यादों को, तथा घटनाओं को जीवन के फलक पर अंकित करता है।इससे आत्मकथा के पाठक को उस व्यक्ति से और उससे जुडी सारी बातों से अवगत होने का सुअवसर प्राप्त होता है।आत्मकथा में कल्पना का अंग बहुत कम मात्रा में रहता है।क्योंकि आत्मकथाकार बडी ईमानदारी से अपने जीवन को दुनिया के सामने खोल देता है। तथा अपने अनुभवों के ज़रिए समाज को एक नई रास्ता भी दिखा दिया है।

हिंदी साहित्य क्षेत्र के प्रभामंडल में उज्वल प्रतिभा से संपन्न महिला लेखिका रमणिका गुप्ता की आत्मकथा है **हादसे** ।इस आत्मकथाी का पठन करके मैं इसका एक शोध प्रबंघ किया।अधिक से अधिक स्नेहपूर्ण व्यवहार, मार्गदर्शक प्रारणा और महत्वपूर्ण सहायता से मैं अपना शोध कार्य पूरा कर सकी।

मैं ने अपने शोध प्रबंध में जो किया है, उससे कुछ बातें यहाँ प्स्तुत करती हूँ।

एक स्त्री होने के कारण समाज में रहकर उसे क्या क्या सहना पड़ता है, इसका यथार्थ चित्रण बडी भावुकता के साथ रमणिकाजी ने अपनी आत्मकथा में वर्णित किया है।रमणिकाजी ट्रेड यूनियन में भागीदार होकर कोयला मज़दूरों केस बीच रहकर उन्हें संगठित कर आन्दोलन करने का दम रखती है।

स्त्री की हर आत्मकथा अपनी यातनाओं की ऐसी निजी दास्तान है, जो घर - घर में घटित होती है। पुरुषों की आत्मकथाएँ उनके निजी संघर्षों की विजय

गाथाएँ है।

समाज में पुरुष ऐसा ही  औरत को ऐसी हालत में  वे देखना चाहते हैं, कि वह पूरी तरह उसी पर आश्रित है और खुद कोई निर्णय नहीं ले सके।यदि इससे उल्टे होते तो उसके मन में ईर्ष्या  होता है, यानी वे अपने पौरुष केलिए चुनौती मान लेता है। अत्यनत प्रेम और समर्पण के क्षणों में भी पुरुष अपने निर्णय को अंतिम साबित करने कि जिद करता है। एक न एक विवाद हमेशा रमणिका गुप्ताजी को घेरा डालती है, स्री अपनी क्षमता के कारण समाज के सामने आ जाय तो उसको वाद विवाद का सामना करना पडता है। यही तो आज के संदर्भ में भी प्रासंगिक है। समाज में ऐसी अनेक औरतें है, जो इस प्रकार विवेद में पडी है। रमणिकाजी औरतों केलिए अलग मान्यताएँ रखनेवाली थी। वे उनका समय से वहुत आगे थी, इसलिए  समाजोजन में काफी कष्ट होना स्वाभाविक और संघर्ष करना भी।

उस समय का चित्र आज का जैसा नहीं है। स्त्री होने के कारण कार में आगे नहीं बैठ सकती थी। घर में परदा प्रथा लागू थी। क्रिरकट, होकी, कबड्डी आदि खेल स्त्री को मना है। स्त्री का साइकिल चलाना घर में हंगामा मच जाता था। यह कैसा विचित्र नियम हैय़ स्त्री क्या ऐसा चीज़ हैय़ रमणिकाजी इससे बिलकुल भिन्न थी। वह तो इसके बिरुद्घ चलने लगी जो घर  से ही विद्रोह आरंभ किया।

इसमें वर्णित स्त्री संघर्ष का चित्रण स्वाभाविक है, पढते समय हमारे मन में ऐसा प्रतित होता है कि हम ही रमणिका गुप्ता है। बचपन से ही समाजमें प्रचलित नियमपर तीखा  प्रहार करने की क्षमता लेखिका में थी। यह आत्मकथा

ही नहीं उमके जीवन के जीवन्त प्रमाण ही है।

निष्कर्षता हम कह सकता है की स्त्री संघर्ष का जीता उदाहरण है, रमणिका गुप्ताजी की आत्मकथा *हादसे* । उन्हों ने समाज में प्रचलित परंपरा को तोडने का प्रयास किया और पूरे स्त्री वर्ग की उन्नती केलिए आवाज़ उठाई। उनका विचार था कि स्त्री पुरुष के हाथ का खिलौना नहीं है। वह स्वयं शक्ति है, । दूसरों को शक्ति देनेवाली है। संघर्ष एक स्थायी प्रवर्ति है। हादसे में रमणिकाजी ने अपनी जिदगी में घटित घटनाओं के माध्यम से विभिन्न संघर्षों, पारिवारिक, निजी, आर्थिक सामाजिक को उजागर किया है। इस प्रकार एक स्त्री की चुनौती का याथार्थ चित्रण करने में वे सफल सिद्ध हुआ है।

यदि इस कृति का मूल्यांकन किया जाय तो कहना पडेगा की यह एक विशिष्ट कृति है। इस आत्मकथा को पढकर पाठकवर्ग पमणिका की प्रतिभा की और आकृष्ट हो जाते है। उनके मन में भी संघर्ष करके आगे जाने की प्रेरणा, उत्साह एवं आत्मविश्वास जागृत होते है। साथ- साथ उनके व्यक्तित्व की आभा पूरी कृति में उभरती दिखायी देती है। ऐसी महिलाएँ समाज केलिए हमेशा वरदान है।

5

5 ഹിന്ദിസാഹിത്യത്തിലെ പ്രശസ്ത ഏഴുത്തുകാരിയായ രമണിക ഗുപ്തജിയുടെ അത്മകഥയാണ് "हादसा". ജീവിതമാകുന്ന സങ്കർഷത്തെ എങ്ങിനെ നേരിടണം എന്നതിൻെറ പര്യായം.

# उखडती मानवता





रोको इन लोगों को ज़रा,

जो तिरझी आँखों से देखते हैं,

अपनी माँ बाप को

वे क्या बेकार की चीज़ें है?

छोडते है उन्हें वृद्धसदनों में,

यह क्या खेलमिचौनी है?

ജി.എച്ച്.എസ്.മണ്ണഞ്ചേരി

वे कौन है? क्यों नहीं समझते?

अपनी आत्मा खोकर, उन्हें क्या मिलता है?

पाला  पोसा है, बहुत लाड़ प्यार से वे,

कितने कष्ट सहकर, अपने बच्चों को

लेकिन आज यहाँ पर क्या होता है

क्या वे खिलौना मानते हैं उन्हें?

बचपन में कंधे में लेकर हमें,

कितने वे जाते है, बिना बाधा के

जब वे बूढ़े हो जाते तो बच्चें को,

उन्हें कंधे में लाना बडा मुशकिल! ! !

क्या यही हमारी संस्कृति है?

जिस पर हम गर्व करें !!

क्या हो गया इस ज़िदगी को,

यह किसका नाश है?



हेमा,एस

अध्यापिका

[6]

6 उखडना വേരോടെ പിഴുതെറിയുക, तिरझी आँखों से देखना അവജ്ഞയോടെ നോക്കുക

## കടപ്പാട്

ഈ ഡിജിററൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ  മണ്ണഞ്ചേരി സ്കൂളിലെ എല്ലാ ലിററിൽ
കൈററ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകിയ ലിററിൽ കൈററ്സ് മാസ്ററേഴ്സ് ആയ ഞങ്ങളുടെ പ്രിയ ഹേമടീച്ചർ ക്കും പ്രസന്നടീച്ചർക്കും നന്ദി

**മാഗസിൻഎഡിററർ,**

ആസിയ ഫൈറൂസ്



LITTLE KITES FIRST BATCHG.H.S.Mananancherry





Sitc Hafsa.k Little Kite Masters Prasanna &Hema











